കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# കോന്നി ഗ്രാമപ്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കെ.എസ്.എ.പിറ്റിഎ.പി9/206/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 07.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
കോന്നി ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: കോന്നി ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോന്നി ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.പിറ്റി.എ പി9/206/2020 തീയതി: 07.05.2020

**പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2019 മുതൽ 31-12-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | പി.കെ വിജയലക്ഷ്മി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24.02.2020മുതൽ 06.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അനിൽകുമാർ.സി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീമതി ജയപ്രഭ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ഷൈജു. വൈ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ ശ്രീകുമാർ.എസ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി രജനി .എം | 01.04.2018 മുതൽ 30.09.2018 വരെ |
| | ശ്രീ പ്രവീൺ പ്ലാവിളയിൽ, വൈസ് പ്രസിഡന്റ് (പ്രസിഡന്റിന്റെ അധിക ചുമതല) | 01.10.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ശാന്തി.എസ് | 01.04.2018 മുതൽ 30.04.2018 വരെ |
| | ശ്രീമതി മറിയാമ്മ. എം.ജി, അസ്സിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 01.05.2018 മുതൽ 15.05.2018 വരെ |
| | ശ്രീ ശ്രീകുമാർ.ആർ | 16.05.2018 മുതൽ 22.06.2018 വരെ |
| | ശ്രീ എ.ജി അനിൽകുമാർ | 23.06.2018 മുതൽ 09.08.2018 വരെ |
| | ശ്രീ ശ്രീകുമാർ.ആർ | 10.08.2018 മുതൽ 18.03.2019 വരെ |
| | ശ്രീ ശിവദാസ്.എൻ.ആർ | 19.03.2019 മുതൽ 31.03.2019വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി മറിയാമ്മ.എം.ജി | 01.04.2018 മുതൽ 26.06.2018 വരെ |
| | ശ്രീ ജോൺസൺ.റ്റി.ജെ | 27.06.2018 മുതൽ 14.08.2018 വരെ |
| | ശ്രീ ശിവദാസ്.എൻ.ആർ | 15.08.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ. അനീസ്.സി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | ഡോ.ഗോപിക.യു.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ- | [illegible] | [illegible] |

| | | |
|---|---|---|
| അലോപ്പതി | ഡോ.ഷീലാ.എസ് | 01.04.2018 മുതൽ 22.10.2018 വരെ |
| | ഡോ.ഷാജി.കെ.വി | 23.10.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി ഗീതാകുമാരി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി ഷെമിമോൾ.കെ.ആർ | 01.04.2018 മുതൽ 28.12.2018 വരെ |
| | ശ്രീമതി ആശാദേവി.പി | 29.12.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ആദില | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീമതി ആലിയ ഫർസാന | 18.07.2018 മുതൽ 13.08.2018 വരെ |
| | ശ്രീമതി ജ്യോതിലക്ഷ്മി.എസ് | 14.08.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ അജിത് കുമാർ.ആർ | 01.04.2018 മുതൽ 30.05.2018 വരെ |
| | ശ്രീ. അൻസാരി.റ്റി.എ, ഓവർസിയർ (എ.ഇ യുടെ അധിക ചുമതല) | 01.06.2018 മുതൽ 17.06.2018 വരെ |
| | ശ്രീ കെ.ഹരിലാൽ | 18.06.2018 മുതൽ 03.09.2018 വരെ |
| | ശ്രീമതി സൗമ്യ.റ്റി | 04.09.2018 മുതൽ 08.10.2018 വരെ |
| | ശ്രീ അനീഷ് കുമാർ.ജെ | 09.10.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി ശാന്തകുമാരിയമ്മ.ആർ | 01.04.2018 മുതൽ 06.11.2018 വരെ |
| | ശ്രീമതി ബേനസീർ.എസ് | 07.11.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷികധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7. | ക്ഷേമ പദ്ധതികൾ | 1-7 |
| 8. | ക്യാഷ് പരിശോധന | 1-8 |
| 9. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10. | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| 11. | വസ്തുനികുതി പിരിവിൽ വ്യാപക ക്രമക്കേടുകൾ - പഞ്ചായത്തുഫണ്ടിന് നഷ്ടം | 1-11 |
| 12. | വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12 |
| 13. | വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതുമൂലം- വരുമാന നഷ്ടം | 1-13 |
| 14. | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല | 1-14 |
| 15. | പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കെട്ടിടനിർമ്മാണം നടത്തി | 1-15 |
| 16. | പെർമിറ്റ് നൽകിയതിൽ അപാകതകൾ | 1-16 |
| 17. | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം | 1-17 |
| 18. | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 3.61കോടി രൂപ ലാപ്സായി | 1-18 |
| 19. | ടെണ്ടർ കുറവ് കണക്കാക്കിയതിലെ അപാകത - മരാമത്ത് പ്രവൃത്തികൾക്ക് അധികം തുക ചെലവഴിച്ചു | 1-19 |
| 20. | ഗംഗാ കുടിവെള്ള പദ്ധതി -അപാകതകൾ | 1-20 |
| 21. | ആധുനിക അറവുശാലാ നിർമ്മാണം - ഫണ്ട് ലഭ്യമായിട്ടും പദ്ധതി നടപ്പിലായില്ല | 1-21 |
| 22. | റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും കുറവ് ചെയ്തില്ല | 1-22 |
| 23. | നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-23 |
| 24. | കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 1-24 |
| 25. | | |

| | | |
|---|---|---|
| | ബാരൽ വിലയും ജി.എസ്.ടിയും കറവ് ചെയ്ത് ട്രഷറി അക്കൗണ്ടിൽ നിലനിർത്തി | 1-25 |
| 26. | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ് | 1-26 |
| 27. | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തി- ജി.എസ്.റ്റി കോമ്പൻസേഷനായി തുക കുറവ് ചെയ്തില്ല | 1-27 |
| 28. | റിട്ടെൻഷൻ തുക തനത് ഫണ്ടിൽ നിലനിർത്തി ഫൈനൽ ബില്ലിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു | 1-28 |
| 29. | ബിറ്റുമിൻ എമൽഷൻ-ആവശ്യമായ അളവിൽ വാങ്ങിയ ബിൽ ഹാജരാക്കിയില്ല | 1-29 |
| 30. | ടെണ്ടർ നടപടിക്രമത്തിലെ അപാകത - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-30 |
| 31 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യുന്നതിൽ വീഴ്ച | 1-31 |
| 32 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 1-32 |
| 33 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-33 |
| 34 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 1-34 |
| 35 | ആസ്തി സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-35 |
| 36 | സ്മാർട്ട് ക്ലാസ്സ് റൂം- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-36 |
| 37 | ഇടിഞ്ഞുവീഴാറായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊതുജനങ്ങൾക്ക് ഭീഷണിയാകുന്നു | 1-37 |
| 38 | വാങ്ങിയ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും വിതരണം ചെയ്തില്ല | 1-38 |
| 39 | കൃഷി ഭവന് സ്വന്തമായി കെട്ടിടമില്ല | 1-39 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-40 |
| 41 | ബാലസഭയ്ക്ക് അധികമായി സഹായം നൽകി | 1-41 |
| 42 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോണ്ട്രിബ്യൂഷൻ അടവാക്കിയില്ല | 1-42 |
| 43 | ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല | 1-43 |
| 44 | പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-44 |
| 45 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-45 |
| 46 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചു- പഞ്ചായത്ത് ഫണ്ടിനു നഷ്ടം | 1-46 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | 2-1 |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 47 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചു- പഞ്ചായത്ത് ഫണ്ടിനു നഷ്ടം | 3-1 |
| 48 | ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-2 |
| | **ഭാഗം 4** | |
| | | |

| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 49 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 50 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 51 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 53 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 54 | സ്ഥിര നിക്ഷേപം | 4-6 |
| 55 | ഓഡിറ്റ് റിക്കവറി | 4-7 |
| 56 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 57 | ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 21.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 21.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 03-05-2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19473484 |
| വരവ് | 122173932 |
| ആകെ | 141647416 |
| ചെലവ് | 101465645 |
| നീക്കിയിരിപ്പ് | 40181771 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18670959 | 18670959 | 18492306 | 178653 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10091000 | 10091000 | 8299906 | 1791094 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | | 0 | | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 30717000 | 30717000 | 21935939 | 8781061 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4294000 | 4294000 | 3968268 | 325732 |
| [illegible] | 0 | [illegible] | [illegible] | [illegible] | [illegible] |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10719293 | 10719293 | 5541030 | 5178263 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | സാക്ഷരത | 1040 | 42 | 1082 | 0 | 1082 |
| | ജലനിധി | 1487332 | 51694 | 1539026 | 91222 | 1447804 |
| | ശുചിത്വ മിഷൻ ഗ്രാന്റ് | 149038 | 1132880 | 1281918 | 0 | 1281918 |
| | പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0 | 250000 | 250000 | 250000 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | എസ്.എസ്.എ | 605859 | 21485 | 627344 | 0 | 627344 |
| | വെസ്റ്റേൺ ഘാട്ട് | 272 | 0 | 272 | 0 | 272 |
| | ഐ.സി.ഡി.എസ് | 795948 | 437475 | 1233423 | 773389 | 460034 |
| സംയുക്ത പദ്ധതി അക്കൗണ്ട് | | 1019743 | 5594653 | 6614396 | 644771 | 5969625 |
| ട്രഷറി-തനത് ഫണ്ട് | | 461 | 0 | 461 | 0 | 461 |
| എസ്.ബി.ഐ -കോന്നി | | 0 | 168450 | 168450 | 649 | 167801 |
| എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 33046047 | 33046047 | 33046047 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1301 | 734814 | 736115 | 719064 | 17051 |
| എസ്.ബി.ഐ- ഇ-പെയ്മെന്റ് | | 58652 | 174465 | 233117 | 0 | 233117 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 14993587 | 44523625 | 59517212 | 36158401 | 23358811 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ്) | 799281 | 11961853 | 12761134 | 4699160 | 8061974 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 148879641 | 190 | 75744462 | 8 | 118 | 30.12 |

**<u>പൊതു അവലോകനം</u>**

(1) സർക്കാർ നിർദ്ദേശം അനുസരിച്ച് നാളിതുവരെ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യക്തമായ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി റോഡുകളുടെ അളവുകളും കണക്ടിവിറ്റിയും പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തൻവർഷവും തയ്യാറാക്കിയിട്ടില്ല.

(2) വൈദ്യുതി വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് പദ്ധതികൾ ആവിഷ്ക്കരിച്ചത് ഒഴിച്ചാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ഒന്നും തന്നെ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല.

(3) ഏറ്റെടുത്തു നടപ്പാക്കിയ റോഡ് പ്രവൃത്തികൾ എല്ലാം തന്നെ വാർഡ് അടിസ്ഥാനത്തിലുള്ളതാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പെടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(4) റോഡ് പ്രവൃത്തികൾക്ക് തൻ വർഷം എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

(5) പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ ഫയലിൽ ഒന്നിലും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടത്തിലും ആവശ്യമായ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ചെയ്യാതിരുന്നത് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. മോണിട്ടറിംഗ് കർശനവും കാര്യക്ഷമവുമാക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

(6) ഭൂരിപക്ഷം പ്രവൃത്തികളുടേയും കരാർ ചമയ്ക്കുന്നതിനായുള്ള മുദ്രപ്പത്രത്തിൽ ആവശ്യമായ വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തുന്നില്ല. കരാറിൽ സാക്ഷികൾ ഒപ്പ് വയ്ക്കുന്നില്ല. കരാറുടമ്പടിയിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് മാറ്റം വരുത്തിയിട്ടില്ല. എഗ്രിമെന്റിൽ കരാർ കാലാവധി രേഖപ്പെടുത്തുന്നില്ല. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തവർക്ക് പിഴ ചുമത്തിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകി സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുന്നില്ല. ടി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1301 | 734814 | 736115 | 719064 | 17051 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33046047 | 33046047 | 33046047 | 0 |
| 100തൊഴിൽ ദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 87000 | 87000 | 87000 | 0 |
| ആകെ | 1301 | 33867861 | 33869162 | 33852111 | 17051 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67560 | 61 |
| കർഷകത്തൊഴിലാളി പെൻഷൻ | 3803900 | 317 |
| വിധവാപെൻഷൻ | 12235000 | 1055 |
| വാർദ്ധക്യകാലപെൻഷൻ | 34460200 | 3040 |
| വികലാംഗപെൻഷൻ | 4555400 | 425 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 277200 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-03-2020 3pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 106341 (ഒരു ലക്ഷത്തി

ആറായിരത്തി മുന്നൂറ്റി നാൽപ്പത്തിയൊന്ന് രൂപ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-02-2020മുതൽ 17.03.2020 വരെ | 2019 നവംബർ മുതൽ ഡിസംബർ വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.03.2014 മുതൽ 21.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 16-05-2014 |

## 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

1.ഷെഡ്യൂൾ B-3:- വിവിധ ഫണ്ടുകളിൽ നിന്നും ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല. പകരം റവന്യു ചെലവായി കാണിച്ചിരിക്കുകയാണ്.

2. വെസ്റ്റേൺ ഘട്ട് ഡെവലപ്മെന്റ് പ്രോഗ്രാം അക്കൗണ്ടിൽ പലിശ ഇനത്തിൽ ബാക്കി നിൽക്കുന്ന തുക അക്കൗണ്ട് അവസാനിപ്പിച്ച് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

3. ഷെഡ്യൂൾ B-7(Other deposits) -ൽ നൽകിയിരിക്കുന്ന തുക 52500 രൂപ കൃത്യമല്ല.

4. ഷെഡ്യൂൾ B-7(Deposits received from Halls and Auditoriums)-ൽ നൽകിയിട്ടുള്ള 6000 രൂപ മുൻ വർഷത്തെ ധനകാര്യപത്രികയിലെ തുക തന്നെയാണ്.തുക കൃത്യമല്ല.

5. ഷെഡ്യൂൾ B-4 (Grants ,Funds & Contributions for specific purposes) എന്ന ഹെഡ്ഡിൽ 1998583 രൂപ ചെലവഴിക്കാൻ ബാക്കിനിൽക്കുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരമൊരു തുക നീക്കിബാക്കിയില്ല.

6. ഷെഡ്യൂൾ B-7(Other deposits) -ൽ നൽകിയിട്ടുള്ള 210000 രൂപ കൃത്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത തുകയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

7. ഷെഡ്യൂൾ B-9(Other Liabilities- Pension Contribution Payable) വാർഷിക ധനകാര്യപത്രിക പ്രകാരം 97720 രൂപയാണ്. എന്നാൽ 2019 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ 47476 രൂപയാണ്.

8. ഷെഡ്യൂൾ B-9(Recoveries Payable,Dues to other panchayaths) എന്ന ഹെഡ്ഡിൽ നൽകിയിട്ടുള്ള 5000 രൂപ മേപ്പടി ലെഡ്ജർ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ തുക തന്നെയാണ്.

9. ഷെഡ്യൂൾ I-1- വസ്തുനികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക RP-3-യിലാണ് വരവായി എടുക്കേണ്ടിയിരുന്നത്. എന്നാൽ ആയത് വസ്തുനികുതി ഹെഡ്ഡിലാണ് വരവ് വച്ചിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല.
11.ഷെഡ്യൂൾ ബി 4 ൽ കാണിച്ചിരിക്കുന്ന 'Beneficiary Contribution എന്ന ഹെഡ്ഡിലെ നീക്കി ബാക്കി തുക കൃത്യമല്ല.

## 1-11 വസ്തുനികുതി പിരിവിൽ വ്യാപക ക്രമക്കേടുകൾ - പഞ്ചായത്തുഫണ്ടിന് നഷ്ടം

വസ്തുനികുതി പിരിക്കുന്നതിലും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി വിവരം രേഖപ്പെടുത്തുന്നതിലും വ്യാപകമായി ക്രമക്കേടുകൾ നടത്തിയതുമൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിനു വരവ് നഷ്ടമുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. യഥാർത്ഥത്തിൽ നികുതി അടയ്ക്കാത്ത കെട്ടിടങ്ങളുടെ നികുതി അടച്ചതായി രേഖപ്പെടുത്തിയതാണ് ഇത്തരത്തിൽ നികുതി നഷ്ടമാകാൻ കാരണം. നികുതി പിരിവിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും, മേൽനോട്ടച്ചുമതലയുള്ള സെക്രട്ടറി ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥരും ഇതിന് ഉത്തരവാദികളാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും രസീത്

ബുക്കുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*ഒരു രസീത് രണ്ടുതവണ പോസ്റ്റ് ചെയ്തു - 2019-20ലേക്കുള്ള നികുതി നഷ്ടമായി*

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുബുക്കുകളിലെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം പ്രാവശ്യം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതായി കാണുന്നു.ഇപ്രകാരം പോസ്റ്റിംഗ് നടത്തുമ്പോൾ കെട്ടിടയുടമ അധികം തുക അടച്ചതായി കണക്കാക്കി അടുത്ത സാമ്പത്തിക വർഷത്തെ നികുതിയായി ക്രമീകരിക്കപ്പെടുകയാണ് സഞ്ചയ സോഫ്റ്റ്‌വെയർ ചെയ്യുന്നത്. ഇക്കാരണത്താൽ 2019-20സാമ്പത്തിക വർഷം ലഭിക്കേണ്ട വസ്തുനികുതിയായ 10001-രൂപ നഷ്ടമായി.

| യഥാർത്ഥത്തിൽ പിരിച്ച തുകയുടെ വിവരം | | | | | | സഞ്ചയയിൽ പോസ്റ്റ് ചെയ്തതിന്റെ വിവരം | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | രസീത്ബുക്ക് നമ്പർ/ രസീത് നമ്പർ/ | തീയതി | കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തീയതി | വാർഡ്/ കെട്ടിട നമ്പർ | രസീത്ബുക്ക് നമ്പർ/ രസീത് നമ്പർ/ | കെട്ടിട ഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തുക1 |
| 1 | 25627/38 | 29/05/2018 | വസന്തകുമാർ | 17/517 | 434 | 29/05/2018 | 17/517 | 25627/38 | വസന്തകുമാർ | 434 |
| | | | | | | 29/05/2018 | 17/517 | 25627/38 | വസന്തകുമാർ | 434 |
| 2 | 25629/95 | 28/06/2018 | രാജു മോൻ കെ.വി | 12/537b | 2027 | 28/06/2018 | 12/537b | 25629/95 | ജയ്സൺ ജോൺ | 2027 |
| | | | | | | 28/06/2018 | 12/537b | 25629/95 | ജയ്സൺ ജോൺ | 2027 |
| 3 | 25627/45 | 6/7/2018 | കെ.കെ.ഉമ്മർ | 16/467 | 324 | 6/7/2018 | 16/467 | 25627/45 | കെ.കെ.ഉമ്മർ | 324 |
| | | | | | | 6/7/2018 | 16/467 | 25627/45 | കെ.കെ.ഉമ്മർ | 324 |
| 4 | 25638/31 | 1/11/2018 | രാജൻ നായർ | 8/113 | 251 | 1/11/2018 | 8/113 | 25638/31 | രാജൻ നായർ | 251 |
| | | | | | | 1/11/2018 | 8/113 | 25638/31 | രാജൻ നായർ | 251 |
| 5 | 25626/2 | 4/4/2018 | പി.എം.ജോൺ | 3/102 a | 1468 | 4/4/2018 | 3/102 a | 25626/2 | പി.എം.ജോൺ | 1468 |
| | | | | | | 4/4/2018 | 3/102 a | 25626/2 | പി.എം.ജോൺ | 1468 |
| 6 | 25639/13 | 13/9/2018 | ജോർജ്ജ് ജോസഫ് | 17/665 a | 454 | 13/9/2018 | 17/665 a | 25639/13 | ജോർജ്ജ് ജോസഫ് | 454 |
| | | | | | | 13/9/2018 | 17/665 a | 25639/13 | ജോർജ്ജ് ജോസഫ് | 519 |
| 7 | 25639/45 | 26/9/2018 | ജോജോ ഈനാസ് | 17/657 | 282 | 26/9/2018 | 17/657 | 25639/45 | ജോജോ ഈനാസ് | 282 |
| | | | | | | 26/9/2018 | 17/657 | 25639/45 | ജോജോ ഈനാസ് | 282 |
| 8 | 25639/80 | 23/11/2018 | ജോർജ്ജ് ഏബ്രഹാം | 17/834 | 4122 | 23/11/2018 | 17/834 | 25639/80 | ജോർജ്ജ് ഏബ്രഹാം | 4122 |
| | | | | | | 23/11/2018 | 17/834 | 25639/80 | ജോർജ്ജ് ഏബ്രഹാം | 4122 |
| 9 | 25639/87 | 11/12/2018 | ആയുബ് ഖാൻ | 17/284 a | 574 | 11/12/2018 | 17/284 a | 25639/87 | ആയുബ് ഖാൻ | 574 |
| | | | | | | 11/12/2018 | 17/284 a | 25639/87 | ആയുബ് ഖാൻ | 574 |
| | ആകെ | | | | | | | | | 19934 |

ഒരേ നമ്പർ രസീതുകൾ ഒന്നിലധികം പ്രാവശ്യം ഒരേ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ സഞ്ചയയിൽ പോസ്റ്റ് ചെയതത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കാത്ത പക്ഷം മുകളിൽ സൂചിപ്പിച്ച പ്രകാരം നഷ്ടമായ തുക തിരികെ ഈടാക്കുന്നതിന് ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

*ഒരിക്കൽ ഉപയോഗിച്ച രസീത് നമ്പർ വീണ്ടും ഉപയോഗിച്ച് സഞ്ചയയിൽ നികുതി പോസ്റ്റിംഗ് നടത്തി*

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുബുക്കുകളിലെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതായി കാണുന്നു.

| യഥാർത്ഥത്തിൽ പിരിച്ച തുകയുടെ വിവരം | | | | | | സഞ്ചയയിൽ പോസ്റ്റ് ചെയ്തതിന്റെ വിവരം | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | രസീത്ബുക്ക് നമ്പർ/ രസീത് നമ്പർ/ | തീയതി | കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തീയതി | വാർഡ്/ കെട്ടിട നമ്പർ | രസീത്ബുക്ക് നമ്പർ/ രസീത് നമ്പർ/ | കെട്ടിട ഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തുക |
| 1 | 25627/40 | 27/06/2018 | കേരള വ്യാപാരി വ്യവസായി ഏകോപന സമതി | 16/847 | 4975 | 27/06/2018 | 16/847 | 25627/40 | കേരള വ്യാപാരി വ്യവസായി ഏകോപന സമതി | 4975 |
| | | | | | | 27/06/2018 | 16/839/a | 25627/40 | ദി സെക്രട്ടറി(കോന്നി മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, | 740 |
| | | | | | | 27/06/2018 | 16/839/a | 25627/40 | ദി സെക്രട്ടറി(കോന്നി മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, | 3000 |
| 2 | 25639/29 | 24/09/2018 | രാജൻ,ചേട്ടിയത്ത് | 3/110 | 34 | 24/09/2018 | 3/110 | 25639/29 | രാജൻ,ചേട്ടിയത്ത് | 34 |
| | | | | | | 24/09/2018 | 16/844 | 25639/29 | സെക്രട്ടറി(കോന്നി മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, | 1290 |

യഥാർത്ഥത്തിൽ വസ്തുനികുതി പിരിവിനുപയോഗിച്ച രസീതുകൾ അതത് കെട്ടിടങ്ങളുടെ സഞ്ചയ അക്കൗണ്ടിൽ പോസ്റ്റിംഗ് നടത്തുകയും എന്നാൽ ഇതേ രസീത് നമ്പരുകൾ ഉപയോഗിച്ച് മറ്റ് കെട്ടിടങ്ങളുടെ സഞ്ചയ അക്കൗണ്ടിൽ വ്യാജപോസ്റ്റിംഗ് നടത്തുകയുമായിരുന്നു.ഇത് മൂലം പഞ്ചായത്തിന് 5030രൂപായുടെ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി 12/20 തീയതി 2-3-2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

*ക്യാൻസൽ ചെയ്ത മാന്വൽ രസീതുകൾ ഉപയോഗിച്ച് വ്യാജമായി നികുതി പോസ്റ്റിംഗ് നടത്തി*

2017-18 സാമ്പത്തിക വർഷം ഔട്ട് ഡോർ കളക്ഷനുവേണ്ടി ഉപയോഗിച്ച 25625-ാം നമ്പർ രസീതുബുക്കിലെ1മുതൽ13വരെയുള്ള രസീതുകൾ പ്രസ്തുത സാമ്പത്തിക വർഷം ഉപയോഗിച്ചിരുന്നതും ബാക്കിയുള്ള രസീതുകൾ ഉപയോഗിക്കാൻ സാധിക്കാത്തവിധം നെടുകെ കീറി ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിരുന്നതുമാണ്. ഇങ്ങനെ ക്യാൻസൽ ചെയ്ത ഒരു രസീതിന്റെ നമ്പർ ഉപയോഗിച്ച് നികുതി അടവാക്കിയതായി വ്യാജരേഖയുണ്ടാക്കി നികുതി പോസ്റ്റിംഗ് നടത്തുകവഴി പഞ്ചായത്ത് ഫണ്ടിന് 3300 രൂപയുടെ നഷ്ടമുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്യാൻസൽ ചെയ്ത രസീതിന്റെ വിവരം | | | | | | സഞ്ചയായിൽ പോസ്റ്റ് ചെയ്തതിന്റെ വിവരം | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | രസീത്ബുക്ക് നമ്പർ/ രസീത് നമ്പർ/ | തീയതി | കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തീയതി | വാർഡ്/ കെട്ടിട നമ്പർ | രസീത്ബുക്ക് നമ്പർ/ രസീത് നമ്പർ/ | കെട്ടിട ഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തുക |
| 1 | 25625/40 | | രസീത് | | | 27/06/2018 | 16/844 | 25625/40 | സെക്രട്ടറി(കോന്നി | 3300 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | ക്യാൻസൽ ചെയ്തു. | | | | | ബ്ലോക്ക് ഹൌസിംഗ് കോഓപ്പറേറ്റീവ് | |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി 12/20 തീയതി 2-3-2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ മുഴുവൻ തുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ്ശുപാർശ ചെയ്യുന്നു.

*<u>സാംഖ്യ രസീതുകളുടെ നമ്പർ ഉപയോഗിച്ച് വ്യാജമായി നികുതി പോസ്റ്റിംഗ് നടത്തി</u>*

മുൻ വർഷങ്ങളിലെ സാംഖ്യ രസീതുകളുടെ നമ്പർ ഉപയോഗിച്ച് കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ PDE (past data entry) ആയി പോസ്റ്റിംഗ് നടത്തി. അടയ്ക്കാത്ത നികുതി അടച്ചതായി പോസ്റ്റ് ചെയ്തുവഴി നികുതി നഷ്ടമുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| യഥാർത്ഥത്തിൽ പിരിച്ച തുകയുടെ വിവരം | | | | | സഞ്ചയയിൽ പോസ്റ്റ് ചെയ്തതിന്റെ വിവരം | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം | സാംഖ്യ രസീത് നമ്പർ/ തീയതി | കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തീയതി | വാർഡ്/ കെട്ടിട നമ്പർ | സാംഖ്യ രസീത് നമ്പർ | കെട്ടിട ഉടമയുടെ പേര് | പോസ്റ്റ് ചെയ്ത തുക |
| 1 | 118020103544/24/7/2018 | രാജീവ്. വി.ജെ | 5/516 | 2161 | 24/7/2018 | 5/516 | 118020103544 | രാജീവ്. വി.ജെ | 2161 |
| | | | | | 24/7/2018 | 5/516 | 118020103544 | രാജീവ്. വി.ജെ | 3515 |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 12/20 തീയതി 2-3-2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 3515രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനുംഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-12 വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ്വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 2739 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇതിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 775എണ്ണമാണ്.എന്നാൽ ഇതിൽ 30ൽ താഴെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും അതിലെ ജീവനക്കാരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലേയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ലൈസൻസ് അപേക്ഷ പരിശോധിക്കുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം 2-ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇത് മൂലം പഞ്ചായത്തിലെ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. അപാകത പരിഹരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം

# ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9)വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 45/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് . വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മി) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മി) |
|---|---|---|---|---|---|---|
| 1 | 17 | 591A | ശ്രീലത | 36.01 | 45 | 60 |
| 2 | 17 | 591B | ശ്രീലത | 18.01 | 45 | 60 |
| 3 | 17 | 591C | ശ്രീലത | 19.35 | 45 | 60 |
| 4 | 17 | 591H | ശ്രീലത | 51.38 | 45 | 60 |
| 5 | 17 | 591-I | ശ്രീലത | 52.75 | 45 | 60 |
| 6 | 17 | 591-E | ശ്രീകുമാർ | 84.08 | 45 | 60 |
| 7 | 17 | 591-K | ശ്രീകുമാർ | 100.82 | 45 | 60 |
| 8 | 17 | 591-F | വിശ്വകുമാർ | 30.28 | 45 | 60 |
| 9 | 17 | 591-G | വിശ്വകുമാർ | 20.28 | 45 | 60 |
| 10 | 17 | 591-L | വിശ്വകുമാർ | 58.56 | 45 | 60 |
| 11 | 17 | 652 j | പ്രസിഡന്റ്,YMCA | 39.33 | 45 | 60 |
| 12 | 17 | 652 k | പ്രസിഡന്റ്YMCA | 39.33 | 45 | 60 |
| 13 | 17 | 652 L | പ്രസിഡന്റ്YMCA | 39.33 | 45 | 60 |
| 14 | 16 | 898 | നാസർ .എസ് | 93.3 | 45 | 60 |
| 15 | 16 | 898A | നാസർ .എസ് | 47.11 | 45 | 60 |
| 16 | 16 | 898B | നാസർ .എസ് | 92.8 | 45 | 60 |
| 17 | 16 | 898C | നാസർ .എസ് | 72.38 | 45 | 60 |
| 18 | 16 | 846 A | മനോജ് വി.കെ | 25.28 | 45 | 60 |
| 19 | 16 | 846 c | മനോജ് വി.കെ | 26.56 | 45 | 60 |
| 20 | 16 | 846 d | മനോജ് വി.കെ | 26.15 | 45 | 60 |

| | | | | | | |
|---|---|---|---|---|---|---|
| 21 | 16 | 846 f | മനോജ് വി.കെ | 22.18 | 45 | 60 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/02.03.2020) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല

2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1, ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് സാമ്പത്തിക വർഷത്തിൽ അധികം നിക്ഷേപകൻ അവകാശമുന്നയിക്കാത്ത നിക്ഷേപങ്ങൾ എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം തനത്ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. നിക്ഷേപങ്ങൾ പരിശോധിച്ച് കാലഹരണപ്പെട്ട ടി തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

| വർഷം | തുക |
|---|---:|
| 1978-79 | 700 |
| 1984-85 | 500 |
| 1986-87 | 1900 |
| 1987-88 | 6830 |
| 1988-89 | 3200 |
| 1991-92 | 500 |
| 1992-93 | 4880 |
| 1993-94 | 9265 |
| 1994-95 | 43594 |
| 2002-03 | 27801 |
| 2003-04 | 216278 |
| 2004-05 | 13900 |
| 2005-06 | 32025 |
| 2006-07 | 6420 |
| 2007-08 | 24050 |
| 2008-09 | 36400 |
| 2009-10 | 30394 |
| 2010-11 | 208350 |
| 2011-12 | 92025 |
| 2012-13 | 4160 |
| 2013-14 | 7400 |
| 2015-16 | 104000 |
| ആകെ | 874572 |

ഇവയിൽ ഭൂരിഭാഗം തുകകളും കാലാവധി കഴിഞ്ഞിട്ടുള്ളവയാണ്. കാലാവധി കഴിഞ്ഞിട്ടുള്ളതും റീ ഫണ്ട് ചെയ്തിട്ടില്ലാത്തവയുമായ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

എന്നാൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ ആധികാരികതയും കൃത്യതയും പരിശോധിച്ച് കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കെട്ടിടനിർമ്മാണം നടത്തി

ശ്രീ സത്യപാൽ, ശാരദാമന്ദിരം,മങ്ങാരം.പി.ഒ &ശ്രീ ജയപാൽ, ശാരദാമന്ദിരം,മങ്ങാരം.പി.ഒ എന്നിവർ വ്യത്യസ്ത പെർമിറ്റുകളിൽ ഒരേ പ്ലോട്ടിൽ നിർമ്മിച്ച കൊമേഴ്സ്യൽ കെട്ടിടമാണ് പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയത്. കെട്ടിടത്തിന് ഒന്നാം നില, രണ്ടാം നില ഇവ പണിയുന്നതിനാണ് പെർമിറ്റ് വാങ്ങിയത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ സെല്ലാർ ഭാഗം കൂടി പണിഞ്ഞതായി കണ്ടു. കൂടാതെ ടി കെട്ടിടനിർമ്മാണത്തിൽ ആവശ്യമായ പാർക്കിംഗ് ഏരിയ ഉൾപ്പെടുത്തിയിട്ടില്ലായെന്നും കണ്ടു. നൽകിയ പെർമിറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഒരേ പ്ലോട്ടിൽത്തന്നെ വ്യത്യസ്തമായ രണ്ട് കെട്ടിട നിർമ്മാണം നടത്തിയ സാഹചര്യത്തിലാണ് ഭൗതിക പരിശോധന നടത്താൻ തീരുമാനിച്ചത്.

| | | |
|---|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും | സത്യപാൽ<br>ശാരദാ മന്ദിരം<br>മങ്ങാരം.പി.ഒ | ജയപാൽ<br>ശാരദാ മന്ദിരം<br>മങ്ങാരം.പി.ഒ |
| പെർമിറ്റ് നമ്പരും തീയതിയും | BA-295026/08-11-2018 | BA-295028/08-11-2018 |
| സർവ്വെ നം | S-44/8 | S-44/8-3 |
| പ്ലോട്ട് ഏരിയ | 1.85 ആർ | 2.32 ആർ |
| കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | $217.96m^2$ | $235.90m^2$ |
| കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ | $174.36m^2$ | $188.72m^2$ |

പുനലൂർ- മൂവാറ്റുപുഴ റോഡിൽ മാമ്മൂട് ജംഗ്ഷന് സമീപമുള്ള ഒരേ പ്ലോട്ടിൽ പരസ്പരമുള്ള അനുവാദത്തോടെയാണ് കെട്ടിടനിർമ്മാണം നടത്തുന്നത്. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ഇരുനില കെട്ടിടം പണിയുന്നതിനാണ് പെർമിറ്റ് വാങ്ങിയത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ സെല്ലാർ ഭാഗം കൂടി അധികമായി നിർമ്മിച്ചിരിക്കുന്നതായി കണ്ടു.

രണ്ടു കെട്ടിടങ്ങൾക്കുമായി ആകെ 6 പാർക്കിംഗ് ആവശ്യമാണ്. എന്നാൽ സൈറ്റ് പ്ലാനിൽ പ്രകാരം കാണിച്ചിരിക്കുന്നത് 4 കാർ പാർക്കിംഗ് മാത്രമാണ്. കെട്ടിടത്തിന്റെ മുൻഭാഗത്ത് പാർക്കിംഗിനായി കാണിച്ചിരിക്കുന്നത് $50.40m^2$ (7.20x7)ആണ്. റൂൾ 38(7) പ്രകാരം തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞുതിരിയാനുള്ള സഞ്ചാര സൗകര്യ സ്ഥലവുമുള്ള പക്ഷം ആ തുറസ്സായ സ്ഥലത്തിന്റെ 50 ശതമാനത്തിൽ കവിയാതെയുള്ള സ്ഥലം പാർക്കിംഗ് സ്ഥലമായി കാണാമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് പ്രകാരം ടി പെർമിറ്റിൽ പാർക്കിംഗിനായി മുൻവശത്ത് നീക്കിവയ്ക്കാവുന്ന സ്ഥലം 39.90ച.മീ ( $50.40m^2 - 10.5 m^2$ )ആണ്. പാർക്കിംഗിന് ആവശ്യമായ സ്ഥലം 6x5.5x2.7= 89.10 ച.മീ സ്ഥലമാണ്. പാർക്കിംഗിനായി നീക്കി വച്ച സ്ഥലത്തിൽ 49.20 ച.മീ കുറവുണ്ട്.

അധികമായി നിർമ്മിച്ച കെട്ടിടഭാഗം റഗുലറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

# 1-16 പെർമിറ്റ് നൽകിയതിൽ അപാകതകൾ

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും | പി.എസ് അഷറഫ് |

| | |
|---|---|
| വിലാസവും | അൽ അമീൻ മൻസിൽ<br>വെട്ടിപ്പുറം , പത്തനംതിട്ട |
| പെർമിറ്റ് നമ്പരും തീയതിയും | BA-233582/19-06-2018 |
| സർവ്വെ നം | S-294-5, S-294-5-1 |
| പ്ലോട്ട് ഏരിയ | 34.4 ആർ |
| കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | 1957.55$m^2$<br>EX. BLDG- 1452.57$m^2$ (Commercial)<br>PR.BLDG- 504.98$m^2$ ( Special Residental) |
| കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ | EX. BLDG- 1411$m^2$ (Commercial)<br>PR.BLDG- 299.08$m^2$ ( Special Residental) |

നിലവിലുള്ള കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 1411$m^2$ ആണ്. ടി കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഏരിയ 29 m2 ആണ് {റൂൾ 38(1)6 }കൂടാതെ 2 പാർക്കിംഗ് വികലാംഗർക്കും കാർപ്പറ്റ് ഏരിയയുടെ 25% ടൂവീലർ പാർക്കിംഗിനായും നീക്കി വയ്ക്കണം{റൂൾ 38(4)} പുതിയ സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗിന് 4 പാർക്കിംഗും ആവശ്യമാണ്. ഒരു പ്ളോട്ടിൽ നിലവിൽ 1500 m2 ഉള്ള കൊമേഴ്യൽ കെട്ടിടം നിലവിൽ ഉള്ളപ്പോഴാണ് ആയത് കൂടാതെ 500 m2 ൽ കൂടുതലുള്ള Special residential കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് വാങ്ങിയത്. ഈ സാഹചര്യത്തിലാണ് ഭൗതിക പരിശോധന നടത്താൻ തീരുമാനിച്ചത്. പ്രസ്തുത പാർക്കിംഗ് ഏരിയ സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 11 പാർക്കിംഗ് കാണിച്ചിരിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ വലതുഭാഗത്തായാണ്. എന്നാൽ പ്രസ്തുത ഭാഗത്ത് ജനറേറ്റർ റൂമാണ്. ഇവിടെ പാർക്കിംഗിന് ആവശ്യമായ സ്ഥലമില്ല. കൂടാതെ പഴയ കെട്ടിടത്തിന്റെ മുൻഭാഗത്ത് ഇടത്തേയറ്റം വാഹനങ്ങൾ പുറത്തേക്കിറങ്ങാനുള്ള വഴിയാണ്. ഇവിടെ 8 പാർക്കിംഗ് കാണിച്ചിരിക്കുന്നു. ഇത് പ്രകാരം ആവശ്യമായ പാർക്കിംഗിൽ 19 പാർക്കിംഗ് കുറവുള്ളതായി ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളത്. റൂൾ 102 പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടില്ല. കൂടാതെ റൂൾ 38(6) പ്രകാരം 60 ച.മീറ്റർ സ്ഥലം ലോഡിംഗ് , അൺലോഡിംഗ് സ്ഥലമായി നീക്കിവയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു സ്ഥലം പ്രസ്തുത ആവശ്യത്തിലേക്കായി നീക്കിവച്ചിട്ടില്ല. ടി വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

നികുതിയേതര വരുമാനയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോന്നി ഗ്രാമ പഞ്ചായത്തിൽ

അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും 2018-19 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. 2018-19വർഷം ഒടുക്കിയ ടെണ്ടർ ഫീയുടെ വിവരം മാത്രമാണ് അസി.എഞ്ചിനിയർ ലഭ്യമാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെഎണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2018-19 | 17 | 67630 | 0 | 67630 |

2015-16 മുതൽ 18-19 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (02/24-02-2020) മറുപടിയായി 2018-19ലെ ഇ-ടെണ്ടർ ഫീ സംബന്ധിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. നാളിതുവരെ ഒടുക്കിയ ടെണ്ടർ ഫീയുടെ വിവരം തയ്യാറാക്കി ആയത് തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. ലഭ്യമാകുന്ന തുകയുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

# 1-18 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 3.61കോടി രൂപ ലാപ്സായി

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം 73075342 രൂപ വകയിരുത്തി 216 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 78 പ്രവൃത്തികൾ സ്പിൽ ഓവറും 138 പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 142 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 120 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. സാമ്പത്തിക വർഷാവസാനം സമർപ്പിച്ച 22 പ്രവൃത്തികളുടേതായി 23 ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയതിനാൽ തൻ വർഷം തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. 74 പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഗ്രാമപ്പഞ്ചായത്ത് വകയിരുത്തുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥരായ എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ അനാസ്ഥമൂലം ലാപ്സായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്കരിച്ച പദ്ധതി | അടങ്കൽ തുക | നടപ്പാക്കിയതും തുക ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | ചെലവഴിച്ചതുക | നടപ്പാക്കിയതും ബിൽ ട്രഷറി ക്യൂവിലായതുമായ പദ്ധതി | ലാപ്സായ ബിൽ തുക(23എണ്ണം) |
|---|---|---|---|---|---|
| 216 | 73075342 | 120 | 30665665 | 22 | 6106794 |

വികസന ഫണ്ട് (ജനറൽ,എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്(റോഡ്,നോൺറോഡ്)എന്നിവ വകയിരുത്തിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബിൽ മാറാഞ്ഞതു മൂലം പ്രസ്തുത ഫണ്ട് ലാപ്സായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2358917 | 2017540 | 341377 |
| വികസന ഫണ്ട് (എസ്.സി.പി) | 2834200 | 876238 | 1957962 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8221543 | 2202224 | 6019319 |
| | | | |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 47393248 | 21935939 | 25457309 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 4232533 | 1893296 | 2339237 |
| ആകെ | | | 36115204 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ കൃവിലായതുമൂലവും 74 പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 36115204രൂപ ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/06-03-2020) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിന്റെ അഭാവവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക വികസന പദ്ധതി യഥാസമയം വിലയിരുത്തി നിർവ്വഹണ വേളയിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥയും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലാതാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 ടെണ്ടർ കുറവ് കണക്കാക്കിയതിലെ അപാകത - മരാമത്ത് പ്രവൃത്തികൾക്ക് അധികം തുക ചെലവഴിച്ചു

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ടെണ്ടർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ കുറവ് പരിഗണിക്കാതെയും ടെണ്ടർ കുറവ് കണക്കാക്കിയതിലെ അപാകത മൂലവും പ്രസ്തുത പ്രവൃത്തികളുടെ ഫൈനൽ ബിൽ പ്രകാരം അധികം തുക ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

(I)

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശം | ഫൈനൽ ബിൽ തുക കണക്കാക്കിയത് | ഫൈനൽ ബിൽ തുക കണക്കാക്കേണ്ടിയിരുന്നത് | അധികം ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | അട്ടച്ചാക്കൽ സ്കൂളിന് ചുറ്റ് മതിൽ നിർമ്മാണം(208/19)<br>അടങ്കൽ : 350000<br>കരാറുകാരൻ : ജയകൃഷ്ണപിള്ള<br>ടെണ്ടർ നിരക്ക് : 19.99%<എസ്റ്റിമേറ്റ് നിരക്ക്<br>എം,ബുക്ക് നം. 104/18-19<br>ഫൈനൽ ബിൽ തുക : 274570<br>ബിൽ നം./ തീയതി : 801469953-208/18-19/26-03-19 | പ്രവൃത്തിമൂല്ല്യം : 338934<br>(-)ടെണ്ടർ കുറവ് : 64364<br>274570<br>(-)ആദായ നികുതി: 2746<br>(-)ക്ഷേമനിധി : 2746<br>(-)CGST: 2746<br>(-)SGST: 2746<br>കരാറുകാരന് }<br>നൽകിയ തുക} 263586 | പ്രവൃത്തിമൂല്ല്യം : 338934<br>(-)ടെണ്ടർ കുറവ് : 67753<br>271181<br>(-)ആദായ നികുതി: 2712<br>(-)ക്ഷേമനിധി : 2712<br>(-)CGST: 2712<br>(-)SGST: 2712<br>കരാറുകാരന് }<br>അർഹതപ്പെട്ട തുക} 260333 | 3389 |

(II)

| ക്രമനമ്പർ | പ്രവൃത്തിയുടെ വിശദാംശം | ഫൈനൽ ബിൽ തുക കണക്കാക്കിയത് | ഫൈനൽ ബിൽ തുക കണക്കാക്കേണ്ടിയിരുന്നത് | അധികം ചെലവഴിച്ച തുക |
|---|---|---|---|---|
| 2 | കുപ്പക്കര പാലമൂട് മുരുപ്പേൽ പടി റോഡ് പുനരുദ്ധാരണം (288/19)<br>അടങ്കൽ : 365000<br>കരാറുകാരൻ : ഷിജു.കെ.വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് : 7.65%<എസ്റ്റിമേറ്റ് നിരക്ക്<br>എം,ബുക്ക് നം. 27/18-19<br>ഫൈനൽ ബിൽ തുക : 322418<br>ബിൽ നം./ തീയതി : 801057594-288/18-19/18-01-19 | പ്രവൃത്തിമൂല്ല്യം : 322418<br>(-)ആദായ നികുതി: 3224<br>(-)ക്ഷേമനിധി : 3224<br>(-)CGST: 3224<br>(-)SGST: 3224<br>കാലിബാരൽ വില+}<br>GST } 3934<br>കരാറുകാരന് }<br>നൽകിയ തുക} 305588 | പ്രവൃത്തിമൂല്ല്യം : 322418<br>(-)ടെണ്ടർ കുറവ് : 24665<br>297753<br>(-)ആദായ നികുതി: 2978<br>(-)ക്ഷേമനിധി : 2978<br>(-)CGST: 2978<br>(-)SGST: 2978<br>കരാറുകാരന് }<br>അർഹതപ്പെട്ടതുക} 285841 | 24665 |
| | | | ആകെ | 28054 |

ടി രണ്ടു പ്രവൃത്തികളിലായി ഫൈനൽ ബിൽ കണക്കാക്കിയതിലെ അപാകത മൂലം 28054 രൂപ അധികം ചെലവഴിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/02-03-2020) ലഭ്യമാക്കിയ മറുപടിയിൽ അധികം ചെലവഴിച്ച് തുക 7 ദിവസത്തിനകം തിരിച്ചടക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. തിരിച്ചടച്ചറിയിക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കാത്ത പക്ഷം പ്രസ്തുത തുക ഉത്തരവാദിയായ അസി.എഞ്ചിനിയറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-20 ഗംഗാ കുടിവെള്ള പദ്ധതി-അപാകതകൾ

| പ്രോജക്ടിന്റെ നമ്പരും പേരും | ഗംഗാ കുടിവെള്ള പദ്ധതി(155/18-19) |
|---|---|
| വകയിരുത്തിയ തുക | 2400000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-900000<br>ബ്ലോക്ക് പഞ്ചായത്ത്- 1000000<br>ജില്ലാ പഞ്ചായത്ത് വിഹിതം-500000 |
| ചെലവഴിച്ച തുക | 400200 |
| [illegible] | [illegible] |

| | |
|---|---|
| ബിൽ /ചെക്ക് നമ്പരും തീയതിയും | ബിൽ നം-24 തീയതി 22-11-2018-900000<br>ചെക്ക് നം-21800576 തീ 27-11-2018-1000000<br>ചെക്ക് നം-21800577 തീ 27-11-2018-500000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്കായി 2400000 രൂപ മുകളിൽ പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട ഡിവിഷന് കൈമാറിയിരുന്നു. നിലവിലുള്ള കുളത്തിൽ റിംഗ് ഇറക്കുന്നതിനും, ടാങ്ക് പുനരുദ്ധരിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനും പൈപ്പ് ലൈൻ ഇടുന്നതിനുമാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. കുളത്തിന് 3സെന്റ് ഭൂമിയും ടാങ്കിന് 2 സെന്റ് ഭൂമിയുമുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ഗുണഭോക്തൃസമിതിയുടെ പേരിലാണ്. ടാങ്ക് നിൽക്കുന്ന കുളം പ്രമാടം ഗ്രാമപഞ്ചാത്തിലെ മരങ്ങാട് എന്ന സ്ഥലത്തെ ഒരു വയലിലാണ്. കുളവും അതിനോട് ചേർന്ന് ഒരു മോട്ടാർപുരയുമാണ് അവിടെയുള്ളത്. മോട്ടോർ സ്ഥാപിച്ചിട്ടില്ല. കുടിവെള്ള ടാങ്ക് കോന്നി ഗ്രാമപഞ്ചായത്തിലെ 18ാം വാർഡിലെ മണക്കഴി പ്രദേശത്തെ ഒരു കുന്നിൻ മുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്. 25000 ലിറ്ററാണ് ടാങ്കിന്റെ ശേഷി. ടാങ്ക് 2017-2018-ൽ ജില്ലാ പഞ്ചായത്തിൽ നിന്നും ഏഴ് ലക്ഷം രൂപ ചെലവഴിച്ച് പണിതുനൽകിയതാണ്. കുളം 2007-ൽ ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് (ചെലവ് 3.5ലക്ഷം)നിർമ്മിച്ചതും സൈഡുകൾ കെട്ടി സംരക്ഷിച്ചതും. ഗുണഭോക്തൃസമിതിയുടെ നേതൃത്വത്തിലാണ്. കുളവും ടാങ്കും നിർമ്മിച്ചതല്ലാതെ മോട്ടാർ സ്ഥാപിക്കുകയോ ഇവ തമ്മിൽ കണക്ഷൻ ലൈൻ സ്ഥാപിക്കുകയോ ചെയ്തിരുന്നില്ല.

പ്രസ്തുത സാഹചര്യത്തിലാണ് 2400000 രൂപ മുടക്കി ഗ്രാമപഞ്ചായത്ത് 2018-19-ൽ പദ്ധതി ആവിഷ്കരിച്ചത്. നിലവിലുള്ള കുളത്തിൽ റിംഗ് ഇറക്കുന്നതിനും, ടാങ്ക് പുനരുദ്ധരിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനും പൈപ്പ് ലൈൻ ഇടുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനും ത്രീഫേസ് കണക്ഷൻ എടുക്കുന്നതിനും വേണ്ടിയാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ആകെ 120 കുടുംബങ്ങൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. 30 കുടുംബങ്ങൾ പ്രമാടം ഗ്രാമപഞ്ചായത്ത് നിവാസികളും 90 കുടുംബങ്ങൾ കോന്നി ഗ്രാമപഞ്ചായത്ത് നിവാസികളുമാണ്. രണ്ട് ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി, കുളം ഇരിക്കുന്ന പ്രദേശം പ്രമാടം ഗ്രാമപഞ്ചായത്തിലുൾപ്പെട്ടത്, എന്നീ കാര്യങ്ങൾ പരിഗണിച്ച് സംയുക്ത പ്രോജക്ടായിട്ടായിരുന്നു പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ പ്രമാടം ഗ്രാമപഞ്ചായത്ത് തുകയൊന്നും നൽകിയിട്ടില്ല.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.(b) പ്രകാരം എല്ലാ കുടിവെള്ള പദ്ധതികളും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കുന്നതിനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തണം. എന്നാൽ ഇവിടെ ഗുണഭോക്തൃവിഹിതം വകയിരുത്തുകയോ തുടർ നടപടികൾ സംബന്ധിച്ച വ്യവസ്ഥകൾ പ്രോജക്ടിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടാങ്ക്, കുളം എന്നിവ ഇരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും ഗുണഭോക്തൃസമിതിക്കാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ഒരു പദ്ധതിയ്ക്കായാണ് ഗ്രാമപഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. പൊതുധനം ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് കൈമാറണമെന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ട് (സർക്കുലർ നം-222/ ഡി.എ3/2018/ത.സ്വ.ഭ.വ തീയതി 26-06-2018).എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

എഗ്രിമെന്റ് പ്രകാരം 2019 മാർച്ച് 31-ന മുൻപ് പ്രവൃത്തി പൂർത്തികരിക്കേണ്ടതായിരുന്നു. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചതായി കാണാൻ കഴിഞ്ഞു. എന്നാൽ എഗ്രിമെന്റ് കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നുള്ള വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് ലഭ്യമാകാതെ തുക ഡെപ്പോസിറ്റ് ചെയ്തതും മറ്റ് അപാകതകളും കാണിച്ച് ഓഡിറ്റ് എൻക്വയറി (14/03.03.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. പ്രവർത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധിച്ച് അറിയിക്കുന്നതിന് വകുപ്പ് തല നടപടിയ്ക്ക് ശുപാർശ ചെയ്യുന്നു.

## 1-21 ആധുനിക അറവുശാലാ നിർമ്മാണം - ഫണ്ട് ലഭ്യമായിട്ടും പദ്ധതി നടപ്പിലായില്ല

അറവുശാലയ്ക്ക് 2012-13 ൽ ആരംഭിച്ച കെട്ടിട നിർമ്മാണം ഇതുവരെയും എങ്ങുമെത്തിയില്ല. കരാറുകാരൻ പാതിവഴിയിൽ പ്രവൃത്തി ഉപേക്ഷിച്ചതിനെത്തുടർന്ന് പ്രവൃത്തിസ്ഥലം കാട് മൂടിയ നിലയിൽ സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറി. അറവുശാലക്കെട്ടിടവും അനുബന്ധ സാധനങ്ങളും, സെപ്റ്റിക് ടാങ്ക് എന്നീ ഇനങ്ങളിലേയ്ക്ക് 2240000 രൂപ അടങ്കൽ വകയിരുത്തി (പ്രോജക്ട് നംപർ SO 202/12) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതിക്ക് 2012-13-ൽ അംഗീകാരം വാങ്ങിയിരുന്നു. പദ്ധതിയ്ക്ക് ശുചിത്വ മിഷന്റെ ഗ്രാന്റ് ഇനത്തിൽ 2000000 രൂപ 17-5-2013 ൽ പഞ്ചായത്തിന് ലഭിച്ചു. കെ. സുനിൽ കുമാർ, പുത്തൻ വീട്, അരുമ്പുങ്കൾ പി.ഒ എന്നയാളായിരുന്നു നിർമ്മാണത്തിന്റെ കരാറുകാരൻ. 20-2-2013 ലെ 3 / 2013 നമ്പർ ആയി കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും അതേ ദിവസം തന്നെ വർക്ക് ഓർഡർ നൽകുകയും ചെയ്തു. കരാർ പ്രകാരം 30-11-2013 ന് മുമ്പായി നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ Lintel Level വരെ കെട്ടിടത്തിന്റെ സ്ട്രക്ചർ പണിത് കരാറുകാരൻ പ്രവൃത്തി ഉപേക്ഷിയ്ക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ, പ്രവൃത്തി ചെയ്തത് വരെയുള്ള അളവ് എടുക്കുകയോ പ്രതിഫലത്തുക നൽകുകയോ ചെയ്തിട്ടില്ല. കരാറുകാരൻ കുറച്ച് പ്രവൃത്തി ചെയ്ത ശേഷം മതിയായ കാരണമില്ലാതെ പണി ഒഴിവാക്കി പോകുകയും പ്രവൃത്തി പൂർത്തീകരിയ്ക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, 2012 ലെ കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2116.1, 2116.2 എന്നിവ പ്രകാരം കരാർ റദ്ദാക്കേണ്ടതും പുതിയ കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. കരാർ തുകയുടെ 10 % വരെ "ലിക്വിഡേറ്റഡ് ഡാമേജ്" ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. എന്നാൽ ഇപ്രകാരമുള്ള യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല. പിന്നീട് അറവുശാല നിർമ്മാണം തുടർന്നു നടത്തുന്നതിന് യാതൊരു നടപടികളും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ശുചിത്വമിഷനിൽ നിന്നു ലഭിച്ച 20 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയും പ്രസ്തുത തുകയ്ക്ക് പലിശ വാങ്ങുകയും ചെയ്യുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പുതിയ പ്രോജക്ട് തയ്യാറാക്കി അറവുശാലാ നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം ലഭ്യമായ ഫണ്ട് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

# 1-22 റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ജി.എസ്.ടിയും കുറവ് ചെയ്തില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്യേണ്ടതായിരുന്നു. റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കുറവ് ചെയ്യാഞ്ഞതു മൂലം ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന | |
|---|---|---|---|---|
| | | | ബാരൽ വില @238/E | ജി.എസ്.ടി @18% |
| 1. | പറങ്കിമാംമൂട്ടിൽ പടി ബിസ്മിപ്പടി റോഡ് മാർക്കറ്റ് റോഡ് പുനരുദ്ധാരണം(253/18, 291/19)<br>അടങ്കൽ : 490000(MG Road)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>പ്രവൃത്തിമൂല്യം: 392367 | 14 | 3332 | 602 |

| | | | | |
|---|---|---|---|---|
| | ഫൈനൽ ബിൽ തുക : 392367<br>ബിൽ നം./ തീയതി : 801168288-291/18-19/12-02-19 | | | |

ടി അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/03-03-2020) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ശ്രദ്ധക്കുറവ് മൂലം ബാരൽ വിലയും ജി.എസ്.ടി ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്തില്ലെന്നും ബാരൽ വില ഈടാക്കാഞ്ഞതു മൂലം മെയിന്റനൻസ് ഗ്രാന്റിനുണ്ടായ നഷ്ടവും ജി.എസ്.ടി ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടവും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി യഥാക്രമം കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്കുന്നതാണെന്നും അറിയിച്ചു. ഒടുക്ക് വരുത്തുന്നതു വരെ 3934 രൂപ തടസ്സപ്പെടുത്തുന്നു. തടസ്സം ഒഴിവാക്കാത്ത പക്ഷം ടി നഷ്ടം ഉത്തരവാദിയായ എഞ്ചിനീയറുടെ ബാധ്യതയായി നിശ്ചയിച്ച് ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-23 നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക<br>ബിൽ നം./ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | കിഴക്കേതിൽപ്പടി പള്ളിയിൽപ്പടി പുതുപ്പറമ്പിൽ പടി റോഡ് കോൺക്രീറ്റിംഗ്(65/19)<br>കരാറുകാരൻ : റ്റി.കെ.ഹരിദാസ്<br>PAC തുക : 35336.53 | 01-01-19 | 23-01-19 | 30036/-<br>801519918-161/18-19/<br>27-03-19 | 1000 |
| 2 | ചിറ്റിലക്കാട്ട് പടി തെക്കേടത്ത് പടി റോഡ് പുനരുദ്ധാരണം(161/19)<br>കരാറുകാരൻ : റ്റി.എ.നിസാർ<br>PAC തുക : 110113.64 | 01-01-19 | 06-02-19 | 110114/-<br>801519918-161/18-19/<br>27-03-19 | 1101 |
| 3 | പത്തല്ലുകുത്തി പുതുവേലിപ്പടി റോഡ് കോൺക്രീറ്റിംഗ്(64/19) | 30-10-18 | 16-11-18 | 108361/- | 1095 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ : ജസ്റ്റിൻ.റ്റി.ഒ<br>PAC തുക : 109456/- | | | 801046313-64/18-19/<br>18-01-19 | |
| 4 | അട്ടച്ചാക്കൽ ചിറ്റരമ്പലം തോട്ടാവേലിപ്പടി റോഡ് ഫുട് പാത്ത് കോൺക്രീറ്റിംഗ് (136/19)<br>കരാറുകാരൻ : കെ.എ.തങ്കച്ചൻ<br>PAC തുക : 413506/- | 31-10-18 | 05-12-18 | 393692/-<br>80110497-136/18-19/<br>24-01-19 | 4135 |
| 5 | ഓമണ്ണിൽപ്പടി പാറയടിപ്പടി റോഡ് പുനരുദ്ധാരണം(142/19)<br>കരാറുകാരൻ : കെ.എ.തങ്കച്ചൻ<br>PAC തുക : 418155.5 | 31-10-18 | 05-12-18 | 424288/-<br>801104802-142/18-19/<br>24-01-19 | 4182 |
| 6 | എലിയറയ്ക്കൽ കെട്ടിടത്തിൽ പ്പടി പൂവൻപാറ റോഡ് പുനരുദ്ധാരണം (94/19)<br>കരാറുകാരൻ : സിബി ഡാനിയേൽ<br>PAC തുക : 479852/- | 30-10-18 | 23-11-18 | 469879/-<br>801168272-94/18-19/<br>12-02-19 | 4799 |
| 7 | കണ്ണാകഴിപ്പടി പാറത്തുണ്ടിൽപ്പടി റോഡ് പുനരുദ്ധാരണം(112/19)<br>കരാറുകാരൻ : കെ.എ.തങ്കച്ചൻ<br>PAC തുക : 299167.5 | 30-10-18 | 05-12-18 | 299168/-<br>801176289-112/18-19/<br>12-02-19 | 2992 |
| 8 | ആനക്കുട് പൊന്തനാംകുഴി മുരുപ്പ് റോഡ് മെയിന്റനൻസ്(196/19)<br>കരാറുകാരൻ : ഷൗക്കത്തലി.എം<br>PAC തുക : 99823.64 | 30-10-18 | 30-11-18 | 98396/-<br>801168281-196/18-19/<br>12-02-19 | 1000 |
| 9 | പൂവൻപാറ മുസ്ലീം പള്ളിപ്പടി ഫുട്പാത്ത് പുനരുദ്ധാരണം(129/19)<br>കരാറുകാരൻ : റ്റി.എ.നിസാർ<br>PAC തുക : 124793.74 | 30-10-18 | 30-11-18 | 124045/-<br>801168276-141/18-19/<br>12-02-19 | 1248 |
| 10 | ഒതളക്കുഴി വകയാർ എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ് മെയിന്റനൻസ് (84/19)<br>കരാറുകാരൻ : ജയപ്രകാശ്.ആർ<br>PAC തുക : 223523/- | 01-01-19 | 25-01-19 | 223000/-<br>801201077-84/18-19/<br>11-03-19 | 2235 |
| 11 | വട്ടക്കാവ് എവറസ്റ്റ് പടി | 30-10-18 | 22-11-18 | 348490/- | 3484 |

| | | | | | |
|---|---|---|---|---|---|
| | മുസ്ലീം പള്ളിപ്പടി റോഡ് പുനരുദ്ധാരണം (123/19)<br>കരാറുകാരൻ : ബബിലു ടോം സക്കറിയ<br>PAC തുക : 348423/- | | | 801201074-123/18-19/<br>11-03-19 | |
| 12 | കാച്ചാനത്ത് റോഡ് പുനരുദ്ധാരണം. തോന്നത്ത് പടി അങ്കണവാടിപ്പടി കോഴിക്കുന്നത്ത് പടി നടപ്പാത സംരക്ഷണം (156/19)<br>കരാറുകാരൻ : സി.വി.വർഗ്ഗീസ്<br>PAC തുക : 159346/- | 01-01-19 | 16-01-19 | 159346/-<br>801206643-156/18-19/<br>11-03-19 | 1593 |
| 13 | വല്ല്യ പറമ്പിൽ പടി പുതുപ്പറമ്പിൽ പടി നടപ്പാത കോൺക്രീറ്റിംഗ് (87/19)<br>കരാറുകാരൻ :സജി.പി.ജോർജ്ജ്<br>PAC തുക : 103771/- | 01-01-19 | 25-01-19 | 101448/-<br>801257266-87/18-19/<br>19-03-19 | 1038 |
| 14 | ചിറമുഖത്ത് പടി റോഡ് പുനരുദ്ധാരണം (126/19)<br>കരാറുകാരൻ : സജി.പി.ജോർജ്ജ്<br>PAC തുക : 158489/- | 31-10-18 | 21-11-18 | 158489/-<br>801257262-126/18-19/<br>19-03-19 | 1585 |
| | ആകെ | | | | 31487 |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/02-03-2020) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തുന്നതാണെന്ന് അറിയിച്ചു. ആയതിനാൽ അടവാക്കി അറിയിക്കുന്നതു വരെ 31487 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 1-24 കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്ത പ്രവൃത്തികൾക്ക് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഒടുക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാത്ത പക്ഷം കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ച്ചയും പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധം.

ജി.ഒ.പി.13/2012 പി.ഡബ്ല്യു.ഡി/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000/- രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000/- രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്.

പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50% ആണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്ത പ്രവൃത്തികളിൽ കാല വിളംബം ഉണ്ടാകുന്ന ഓരോ ആഴ്ച്ചക്കും പി.എ.സിയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കണം[സെക്ഷൻ 2116(1)].

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയതും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതും കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യാത്തതുമായ ഏതാനും പ്രവൃത്തികൾക്ക് കാലവിളംബത്തിന് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പി.എ.സി | കാലതാമസം (ആഴ്ച്ച) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1 | അടവിക്കുഴി നടപ്പാലം നിർമ്മാണം (188, 263/19)<br>അടങ്കൽ : 300000/-<br>കരാറുകാരൻ : ഷിജു.ക.വർഗ്ഗീസ്<br>എഗ്രിമെന്റ് നം./ തീയതി :105/AE/KGP//17-18/22-03-18<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 22-03-18<br>പൂർത്തീകരിച്ച തീയതി: 07-03-19<br>ഫൈനൽ ബിൽ നം. / തീയതി :801363038-263/18-19/19-03-19 249061/- | 250685.80 | 37 | 9275 |
| 2 | മന്മദപുരത്ത് പാലനിൽക്കുന്നതിൽപ്പടി റോഡ് കോൺക്രീറ്റിംഗ്(78/19)<br>അടങ്കൽ : 300000/-<br>കരാറുകാരൻ : P.D.പത്മകുമാർ<br>എഗ്രിമെന്റ് നം./ തീയതി :18/AE/KGP/18-19/13-11-18<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 13-11-18<br>പൂർത്തീകരിച്ച തീയതി: 15-03-19<br>ഫൈനൽ ബിൽ നം. / തീയതി :4/18-19/24-05-18<br>തുക 297428/- | 297654.86 | 4 | 1191 |
| 3 | മച്ചിക്കാട് ഗുരുമന്ദിരം റോഡിൽ കലുങ്ക്, സരക്ഷണഭിത്തി നിർമ്മാണം(64/18, 257/19)<br>അടങ്കൽ : 620000/- | 541325.66 | 38 | 20570 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ : ഷിജു.കെ.വർഗ്ഗീസ്<br>എഗ്രിമെന്റ് നം./ തീയതി :106/AE/KGP/17-18/22-03-18<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 22-03-18<br>പൂർത്തീകരിച്ച തീയതി: 12-03-19<br>ഫൈനൽ ബിൽ നം. / തീയതി :801404898-257/18-19/26-03-19 538719/- | | | |
| 4 | വിളയിൽപ്പടി റോഡ് പാർശ്വഭിത്തി നിർമ്മാണം(244/18, 287/19)<br>അടങ്കൽ : 110000/-<br>കരാറുകാരൻ : എസ്.റ്റി.ഷാജികുമാർ<br>എഗ്രിമെന്റ് നം./ തീയതി :98/AE/KGP/17-18/09-03-18<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 09-03-18<br>പൂർത്തീകരിച്ച തീയതി: 01-03-19<br>ഫൈനൽ ബിൽ നം. / തീയതി :801404891-287/18-19/22-03-19 90397/- | 92119.32 | 38 | 3501 |
| 5 | കുപ്പക്കര പുതുപ്പറമ്പിൽപ്പടി കാവുംഭാഗം റോഡ് റീടാറിംഗ്,സംരക്ഷണഭിത്തി നിർമ്മാണം(144/18,251/19)<br>അടങ്കൽ : 400000/-<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>എഗ്രിമെന്റ് നം./ തീയതി :77/AE/KGP/17-18/23-01-18<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 23-01-18<br>പൂർത്തീകരിച്ച തീയതി: 06-12-18<br>ഫൈനൽ ബിൽ നം. / തീയതി :8010446305-251/18-19/18-01-19 235159/- | 340748.43 | 32 | 10904 |
| 6 | ആഞ്ഞിലിക്കുന്ന് പുലീപ്രപ്പടി മണിയൻപാറ റോഡ് പുനരുദ്ധാരണം(233/18, 282/19)<br>അടങ്കൽ : 200000/- | 150241.50 | 38 | 5709 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ :K.A.തങ്കച്ചൻ<br>എഗ്രിമെന്റ് നം./ തീയതി :72/AE/KGP/17-18/23-01-18<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 23-01-18<br>പൂർത്തീകരിച്ച തീയതി: 14-01-19<br>ഫൈനൽ ബിൽ നം. / തീയതി :801104815-282/18-19/24-01-19 147068/- | | | |
| 7 | ഞള്ളൂർ അംബേദ്ക്കർ കോളനി റോഡ് കോൺക്രീറ്റിംഗ്(215/18,275/19)<br>അടങ്കൽ : 450000/-<br>കരാറുകാരൻ :രാജേന്ദ്രൻ.കെ.എൻ<br>എഗ്രിമെന്റ് നം./ തീയതി 113/AE/KGP/18-19/28-03-18<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 28-03-18<br>പൂർത്തീകരിച്ച തീയതി: 03-12-18<br>ഫൈനൽ ബിൽ നം. / തീയതി :801123986-275/18-19/29-01-19 353683/- | 353683.13 | 22 | 7781 |
| 8 | പുളിവേലിൽപ്പടി കുന്നിനേത്ത് കടവ് റോഡ് പുനരുദ്ധാരണവും കടവ് കെട്ടും(310/18. 308/19)<br>അടങ്കൽ : 500000/-<br>കരാറുകാരൻ : മുഹമ്മദ് അനീസ്<br>എഗ്രിമെന്റ് നം./ തീയതി 120/AE/KGP/17-18/31-03-18<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 31-03-18<br>പൂർത്തീകരിച്ച തീയതി: 19-01-19<br>ഫൈനൽ ബിൽ നം. / തീയതി :801123989-308/18-19/29-01-19 353683/- | 425101.13 | 29 | 12328 |
| 9 | ഓമണ്ണിൽപ്പടി വഞ്ചിപ്പടി റോഡ് മെയിന്റനൻസ്(237/18, 281/19)<br>അടങ്കൽ : 381685/- | 381685 | 8 | 3053 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ :സാംസൺ ശാമുവൽ<br><br>എഗ്രിമെന്റ് നം./ തീയതി 101/AE/KGP/17-18/14-03-18<br><br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br><br>ആരംഭിച്ച തീയതി : 14-03-18<br><br>പൂർത്തീകരിച്ച തീയതി: 06-08-18<br><br>ഫൈനൽ ബിൽ നം. / തീയതി :800780437-281/18-19/19-11-18 200000/-<br><br>ഫൈനൽ ബിൽ നം. / തീയതി :800780449-281/18-19/19-11-18 181685/- | | | |
| 10 | പുത്തൻ മഠത്തിൽ ചേരിയിൽ റോഡ് പുനരുദ്ധാരണം(279/18, 297/19)<br><br>അടങ്കൽ : 200000/-<br><br>കരാറുകാരൻ :കിഷോർ.പി.ദിവാകർ<br><br>എഗ്രിമെന്റ് നം./ തീയതി 32/AE/KGP/17-18/02-11-17<br><br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br><br>ആരംഭിച്ച തീയതി : 02-11-17<br><br>പൂർത്തീകരിച്ച തീയതി: 12-07-18<br><br>ഫൈനൽ ബിൽ നം. / തീയതി :800387195-297/18-19/31-07-18 140759/- | 140759 | 23 | 3237 |
| 11 | ചിറയ്ക്കൽപ്പടി കാരക്കുഴി റോഡ് പുനരുദ്ധാരണം (166/18, 259/19)<br><br>അടങ്കൽ : 330000/-<br><br>കരാറുകാരൻ :സെയ്ദ് മുഹമ്മദ്.V.S<br><br>എഗ്രിമെന്റ് നം./ തീയതി 75/AE/KGP/17-18/23-01-18<br><br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br><br>ആരംഭിച്ച തീയതി : 23-01-18<br><br>പൂർത്തീകരിച്ച തീയതി: 16-05-18<br><br>ഫൈനൽ ബിൽ നം. / തീയതി :800466909-259/18-19/14-08-18 445070/- | 445070 | 3 | 1335 |
| 12 | അട്ടച്ചാക്കൽ സൊസൈറ്റിപ്പടി കോടത്തേത്ത് പടി റോഡ് | 145567 | 5 | 728 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ്(194/18, 266/19)<br>അടങ്കൽ : 200000/-<br>കരാറുകാരൻ :സെയ്ദ് മുഹമ്മദ്.V.S<br>എഗ്രിമെന്റ് നം./ തീയതി 44/AE/KGP/17-18/14-11-17<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 14-11-17<br>പൂർത്തീകരിച്ച തീയതി: 20-03-18<br>ഫൈനൽ ബിൽ നം. / തീയതി :800249563-258/18-19/27-06-18 145567/- | | | |
| 13 | പത്തലുകുത്തി ജവഹർ കോളനി റോഡിൽ ഓട, പാർശ്വഭിത്തി നിർമ്മാണം(147/18, 252/19)<br>അടങ്കൽ : 188552/-<br>കരാറുകാരൻ :ഷിജു.ക.വർഗ്ഗീസ്<br>എഗ്രിമെന്റ് നം./ തീയതി 21/AE/KGP/17-18/26-10-17<br>പ്രവൃത്തിയുടെ കാലാവധി : 90 ദിവസം<br>ആരംഭിച്ച തീയതി : 26-10-17<br>പൂർത്തീകരിച്ച തീയതി: 14-05-18<br>ഫൈനൽ ബിൽ നം. / തീയതി :800273840-252/18-19/30-06-18 170396/- | 188552 | 15 | 2828 |
| | ആകെ | | | 82440 |

ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/06-03-2020)അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. പ്രസ്തുത തുക കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യാഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-25 ബാരൽ വിലയും ജി.എസ്.ടിയും കറവ് ചെയ്ത് ട്രഷറി അക്കൗണ്ടിൽ നിലനിർത്തി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07 ത.സ്വ.ഭ.വ/ 30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ തനത് ഫണ്ട് അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ്

ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില @238/E | കുറവ് ചെയ്ത ജി.എസ്.ടി @18% |
|---|---|---|---|---|
| 1. | മാങ്കുളം മില്ലുപടി റോഡ് മെയിന്റനൻസ് റീടാറിംഗ്(256/18, 292/19)<br>അടങ്കൽ : 280000(MG Road)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>ഫൈനൽ ബിൽ തുക : 241285/-<br>ബിൽ നം./ തീയതി :801046321- 292/18-19/18-01-19 | 10 | 2380 | 430 |
| 2. | മുരിങ്ങമംഗലം ക്ഷേത്രം അങ്കണവാടിപ്പടി റോഡ് റീടാറിംഗ് (227/18, 279/19)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 270000(MG Road) ഫൈനൽ ബിൽ തുക : 235159<br>ബിൽ നം./ തീയതി : 801046316-279/18-19/18-01-19 | 6 | 1428 | 258 |
| 3. | കുപ്പക്കര പുതുപ്പറമ്പിൽ പടി കാവുംഭാഗം റോഡ് റീടാറിംഗ്, സംരക്ഷണഭിത്തി നിർമ്മാണം (144/18,251/19)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 400000(MG Road)<br>ഫൈനൽ ബിൽ തുക : 340647<br>ബിൽ നം./ തീയതി :801046305- 251/18-19/18-01-19 | 11 | 2618 | 473 |
| 4. | കുപ്പക്കര പാലമേൽ മുരുപ്പേൽ പടി റോഡ് പുനരുദ്ധാരണം ( 288/19)<br>കരാറുകാരൻ : ഷിജു.കെ.വർഗ്ഗീസ്<br>അടങ്കൽ : 365000(MG Road)<br>ഫൈനൽ ബിൽ തുക : 322418<br>ബിൽ നം./ തീയതി : 801057594- 288/18-19/18-01-19 | 14 | 3332 | 602 |
| 5. | കാളഞ്ചിറ പൂവൻ പാറ റോഡ് റീടാറിംഗ്, ഐറിഷ് ഓട നിർമ്മാണം (265/18, 293/19) | 13 | 3094 | 557 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 570150(MG Road 270150, CFC300000)<br>ഫൈനൽ ബിൽ തുക : 300000<br>ബിൽ നം./ തീയതി : 800385963-293/18/31-07-18<br>ഫൈനൽ ബിൽ തുക : 257191<br>ബിൽ നം./ തീയതി : 800385966-293/18/31-07-18 | | | |
| 6. | ചിറയ്ക്കപ്പടി കാരക്കുഴി റോഡ് പുനരുദ്ധാരണം(166/18, 259/19)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 530000(MG Road)<br>ഫൈനൽ ബിൽ തുക : 445070<br>ബിൽ നം./ തീയതി : 80046909/18/14-08-18 | 13 | 2600 | 468 |
| 7. | ഇല്ലിരിക്കൽ വരങ്ങാട്ട് റോഡ് പുനരുദ്ധാരണം (165/18,258/19)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 535000(MG Road)<br>പാർട്ട് ബിൽ തുക ; 117000<br>ബിൽ നം./ തീയതി :800249563-258/18-19/27-06-18<br>ഫൈനൽ ബിൽ തുക : 304994<br>ബിൽ നം./ തീയതി :800385968-258/18/31-07-18 | 18 | 3600 | 648 |
| | ആകെ | 85 | 19052 | 3436 |

ഇതുപ്രകാരം ക്രമ നമ്പർ ഒന്ന് മുതൽ നാല് വരെ ബാരൽ ഒന്നിന് 238 രൂപയും ജി.എസ്.ടി ഇനത്തിൽ 43രൂപയുമുൾപ്പെടെ 281 രൂപയും ക്രമ നമ്പർ 5 മുതൽ 7 വരെ ബാരൽ വില 200 രൂപയും ആയതിന്റെ ജി.എസ്.ടി യായി 36രൂപ ക്രമത്തിലുമാണ് ഈടാക്കിയിട്ടുള്ളത്. ബാരൽ വില കുറവ് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/03-03-2020) ലഭ്യമാക്കിയ മറുപടിയിൽ ബാരൽ വിലയിലുള്ള കുറവും ജി.എസ്.ടിയും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചു. കുറവായി ഈടാക്കിയ ബാരൽ വിലയും ഇതുൾപ്പെടെ അതിനു ബാധകമായ 18% ജി.എസ്സ്.റ്റി യും ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ്

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന2018-19വർഷം നടപ്പാക്കിയ

മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി കുറച്ച് ഈടാക്കി.

ആദായ നികുതി നിയമം 194 സി വകുപ്പ് അനുസരിച്ച് 30000 രൂപയ്ക്ക് മുകളിൽ കരാർ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും വ്യക്തികൾക്ക് ഒരു ശതമാനവും ഗ്രൂപ്പുകൾക്ക് 2% നിരക്കിലുമാണ് ആദായ നികുതി ഈടാക്കേണ്ടത്. ഗുണഭോക്തൃസമിതി ഗ്രൂപ്പ് എന്ന വിഭാഗത്തിൽ വരുന്നതിനാൽ സമിതി മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തി മൂല്യത്തിന്റെ 2% തുക ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ സമിതി മുഖേന തൻ വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി ഇനത്തിൽ ഒരു ശതമാനം തുക മാത്രമേ ഈടാക്കിയിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, കൺവീനർ | പ്രവൃത്തിമൂല്യം | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ഈടാക്കിയ ആദായ നികുതി | കുറവ് | ബിൽ നം./ തീയതി,തുക |
|---|---|---|---|---|---|
| കല്ലറേത്ത് പടി മുള്ളാഞ്ഞിയിൽപ്പടി റോഡ് പുനരുദ്ധാരണം(162/19)<br>മോഹനൻപിള്ള | 48652 | 973 | 487 | 486 | 801466944-162/18-19/27-03-19<br>48652 |
| താഴത്തേതിൽപ്പടി വലിയവീട്ടിൽ പ്പടി റോഡ് കോൺക്രീറ്റിംഗ്(154/18-19)<br>രാജു | 47995 | 960 | 480 | 480 | 801466951-154/18-19/27-03-19<br>48652 |
| പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - അട്ടച്ചാക്കൽ ഗവ.എൽ.പി.സ്കൂൾ പാചകപ്പുര(300/18-19)<br>സജി ജോൺ | 129066 | 2581 | 1291 | 1290 | ചെക്ക് നം.2188113/01-12-18<br>129066 |
| തേങ്ങാമല വിശ്വകർമ്മപ്പടി റോഡ് ഐറിഷ് ഓട നിർമ്മാണം(104/19)<br>സൂര്യകല | 48874 | 977 | 489 | 488 | 801231646-206/18-19/25-02-19<br>48874 |
| കല്ലിടിക്കിനാൽ ആമിനാ മൻസിൽ പടി റോഡ് കോൺക്രീറ്റിംഗ്(294/18-19)<br>റജീനഇസ്മയിൽ | 45820 | 916 | 458 | 458 | 801257238-294/18-19/25-02-19<br>45820 |
| അട്ടച്ചാക്കൽ കണ്ണമലപ്പടി റോഡ് | 44981 | 900 | 450 | 450 | |

| | | | | | |
|---|---|---|---|---|---|
| ഐെറിഷ്ഡ്രയിൻ(111/18-19) കുര്യാക്കോസ് | | | | | |
| പയ്യനാമൺ വേങ്ങത്തടിക്കൽ റോഡിൽ കീഴ്പ്പള്ളിയിൽ കലുങ്ക് നിർമ്മാണം-അനുബന്ധ പ്രവർത്തനങ്ങൾ(270/18-19) P.G.മത്തായി | 41698 | 834 | 417 | 417 | 800780460-299/18-19/16-11-18 41698 |
| അട്ടുമ്പുംകുളം ആവോലിക്കുഴി സംരക്ഷണഭിത്തി നിർമ്മാണം(171/18-19) സന്തോഷ് | 47332 | 946 | 473 | 473 | 800810196-171/18-19/23-11-18 47332 |
| പുന്നമൂട് എസ്.സി.കോളനി നടപ്പാത കോൺക്രീറ്റിംഗ്(283/18-19) മുകേഷ് | 41066 | 822 | 411 | 411 | 800428846-283/18-19/31-07-18 |
| പള്ളിയമ്പിൽ പടി റോഡ് സംരക്ഷണ ഭിത്തി പുനരുദ്ധാരണം(312/18-19) ഹരിശ്ചന്ദ്രൻ നായർ | 270038 | 5401 | 2700 | 2701 | 800249552-312/18-19/27-06-18 270038 |
| വഞ്ചിപ്പടി മണിയൻ പാറ റോഡ് പുനരുദ്ധാരണം(239/18-19) സ്മിത സുരേഷ് | 99162 | 1983 | 992 | 991 | 800113729-239/18-19/21-05-18 |
| ആകെ | | | | 8645 | |

ഗുണഭോക്തൃസമിതി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി കുറവായി ഈടാക്കിയത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(22/05-03-2020) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആദായ നികുതി നിയമം അനുശാസിക്കുന്ന തരത്തിൽ നികുതി ഈടാക്കാതിരുന്നത് അസി.എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ആദായ നികുതിയിനത്തിൽ കുറവായി ഈടാക്കിയ ടി 8645 രൂപ ബന്ധപ്പെട്ട കൺവീനറന്മാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തി- ജി.എസ്.റ്റി കോമ്പൻസേഷനായി തുക കുറവ്

## ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ചതും 2018-19 വർഷം സ്പിൽ ഓവറായി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.റ്റി കോമ്പൻസേഷനായി തുക കുറവ് ചെയ്തിട്ടില്ല.

ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01-07-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണെന്നും കൺവീനർ ജി.എസ്.റ്റി അടവാക്കുന്ന സാഹചര്യത്തിൽ കോമ്പൻസേഷൻ പരിഗണിക്കാവുന്നതാണെന്നും എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16-03-18ലെ ഡിബി 3-9058/17/CE/LSGD ാം നം. സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓവർ ഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി ഓരോ ഇനത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നിട്ടും ഫൈനൽ ബില്ലിൽ നിന്നും ജി.എസ്.റ്റി കോമ്പൻസേഷനായി തുക കുറവ് ചെയ്യാതെ ആദായ നികുതിയും ക്ഷേമനിധി ഫണ്ടും മാത്രം കുറവ് ചെയ്തുകൊണ്ട് കൺവീനർക്ക് അർഹതപ്പെട്ട തുക കണക്കാക്കിയത് ക്രമപ്രകാരമല്ല. ഇത്തരത്തിൽ ഗുണഭോക്തൃസമിതിക്ക് ഫൈനൽ തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെവിശദാംശം | പ്രവൃത്തിമൂല്ല്യ തുക | കൺവീനര്ക്ക് നൽകിയ തുക | ജി.എസ്.റ്റി കോമ്പൻസേഷനായി കുറവ് ചെയ്യേണ്ടിയിരുന്ന തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1. | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - അട്ടച്ചാക്കൽ ഗവ.എൽ.പി.സ്കൂൾ പാചകപ്പുര(295/18, 300/18-19)<br>അടങ്കൽ :150000<br>കൺവീനർ : സജി ജോൺ | 129066 | 126484 | 6453 | ചെക്ക് നം.2188113/01-12-18<br>129066 |
| 2. | കല്ലിടിക്കിനാൽ ആമിനാ മൻസിൽ പടി റോഡ് കോൺക്രീറ്റിംഗ്(269/18,294/18-19)<br>കൺവീനർ :റജീനഇസ്മയിൽ | 45820 | 44904 | 2291 | 801257238-294/18-19/25-02-19<br>45820 |
| 3 | പയ്യനാമൺ വേങ്ങത്തടിക്കൽ റോഡിൽ കീഴ്പള്ളിയിൽ കലുങ്ക് നിർമ്മാണം-അനുബന്ധ പ്രവർത്തനങ്ങൾ(292/18,270/18-19)<br>അടങ്കൽ :<br>കൺവീനർ :P.G.മത്തായി | 41698 | 40864 | 2085 | 800780460-299/18-19/16-11-18<br>41698 |
| 4 | പുന്നമൂട് എസ്.സി.കോളനി നടപ്പാത കോൺക്രീറ്റിംഗ്(234/18,283/18-19)<br>അടങ്കൽ: 50000 | 41066 | 40244 | 2053 | 800428846-283/18-19/31-07-18 |

| | | | | | |
|---|---|---|---|---|---|
| | കൺവീനർ :മുകേഷ് | | | | |
| 5 | പള്ളിയമ്പിൽ പടി റോഡ് സംരക്ഷണ ഭിത്തി പുനരുദ്ധാരണം(205/17, 104/18,312/18-19)<br><br>അടങ്കൽ : 300000<br><br>കൺവീനർ :ഹരിശ്ചന്ദ്രൻ നായർ | 270038 | 264638 | 13502 | 800249552-312/18-19/27-06-18<br><br>270038 |
| 6 | വഞ്ചിപ്പടി മണിയൻ പാറ റോഡ് പുനരുദ്ധാരണം(128/17,42/18, 239/18-19)<br><br>അടങ്കൽ: 100000<br><br>കൺവീനർ :സ്മിത സുരേഷ് | 99162 | 97178 | 4958 | 800113729-239/18-19/21-05-18 |
| | ആകെ | | | 31342 | |

ടി പ്രവൃത്തികളുടെ കൺവീനർമാർ ജി.എസ്.റ്റി അടവാക്കുന്ന മുറയ്ക്ക് കോമ്പൻസേഷൻ നൽകുന്നതിന് ടി 5% തുക കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/05-03-2020) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ബന്ധപ്പെട്ട കൺവീനറന്മാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചു. കൺവീനർമാർ ജി.എസ്.റ്റി ഒടുക്ക് വരുത്തിയിട്ടുണ്ടോ എന്ന് ആരായേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിൽ ജി.എസ്.റ്റി അടവാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-28 റിട്ടെൻഷൻ തുക തനത് ഫണ്ടിൽ നിലനിർത്തി - ഫൈനൽ ബില്ലിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു

പൂവൻപാറ – ഇളയാംകുന്ന് റോഡ് സംരക്ഷണം എന്ന പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരം 169825/- രൂപയുടെ പ്രവൃത്തിമൂല്ല്യം കണക്കാക്കി ആദായ നികുതി 1698/- രൂപയും ക്ഷേമ നിധി 1698/- രൂപയും റിട്ടെൻഷൻ തുക 16980/- രൂപയും കുറച്ച് കരാറുകാരന് 149449 രൂപ നൽകിയിട്ടുണ്ട്. റിട്ടെൻഷൻ തുക സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട് (A/C No.7051010000004). അളവ് പുസ്തക പ്രകാരം 424964 /- രൂപ ആകെ പ്രവൃത്തിമൂല്ല്യം കണക്കാക്കി പാർട്ട് ബിൽ തുകയായ 169825/- രൂപ കുറച്ച് ബാക്കിയുള്ള 255139/- രൂപയോടൊപ്പം വീണ്ടും റിട്ടെൻഷൻ തുക 16980/- കൂട്ടി 272119 ഫൈനൽ ബിൽ തുക കണക്കാക്കി മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും 241944/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 30175/-രൂപയും മാറിയിട്ടുണ്ട്. തനത് ഫണ്ടിൽ നില നിർത്തിയിരുന്ന റിട്ടെൻഷൻ തുക കരാറുകാരന് നൽകുന്നതിന് പകരം വീണ്ടും അത്രയും തുക ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി മാറിയതുമൂലം സർക്കാർ ഫണ്ടിന് 16980/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. റിട്ടെൻഷൻ തുക കരാറുകാരന് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ടോയെന്ന് ആരാഞ്ഞു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ബിറ്റുമിൻ എമൽഷൻ ആവശ്യമായ അളവിൽ വാങ്ങിയ ബിൽ ഹാജരാക്കിയില്ല

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ എമൽഷൻ വാങ്ങിയതിന്റെ എല്ലാ ബില്ലുകളും ഹാജരാക്കിയില്ല. അസ്സൽ ബിൽ പ്രകാരം ആവശ്യമായത്ര അളവിൽ ബിറ്റുമിൻ വാങ്ങാതിരുന്നിട്ടും കരാറുകാരന് ആവശ്യമായ മുഴുവൻ അളവിന്റെ വില ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകി.

ചീഫ് എഞ്ചിനിയറുടെ (ത.സ്വ.ഭ.വ) സർക്കുലർ നം.ഡി.ബി.3-6512(സി)2013/സി.ഇ/തസ്വഭവ/03-11-2016D അനുസരിച്ച് കരാറുകാർ മുഖേന നടപ്പാക്കുന്ന ടാറിഗ് / റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ തന്നെ ടാർ വാങ്ങി നൽകുന്ന സാഹചര്യത്തിൽ കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ടാർ വാങ്ങിയെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി മാത്രമാണ് ബിൽ നിഷ്കർഷിക്കുന്നതെന്നും കരാറുകാരന് ടാറിന്റെ വില എഗ്രിമെന്റ് നിരക്ക് പ്രകാരം (ആയത് ഹാജരാക്കിയ ബില്ലിലെ നിരക്കിൽ കൂടുതലായാലും കുറവായാലും) മാത്രം നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഏതാനും റീടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കിയതിൽ ബിറ്റുമിൻ എമൽഷൻ ആവശ്യമായത്ര അളവിൽ വാങ്ങിയിട്ടില്ലാത്തതായി കണ്ടു. 2017-18ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള VG-30(S-65) ബിറ്റുമിന്റെ വില 31907.2/T, RS1-Emulsionന്റെ വില 34149.2/Tരൂപയുമാണ്. കടത്തുകൂലി, ഓവർഹെഡ് ചാർജ്, കരാറുകാരന്റെ ലാഭ വിഹിതം എന്നിവ ഉൾപ്പെടെ വില യഥാക്രമം 38732.01/T, 41448.08/Tരൂപയുമാണ്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | ടാറിംഗ് ഇനങ്ങൾക്ക് ആവശ്യമായ ബിറ്റുമിന്റെ വിവരം | | ഹാജരാക്കിയ ബില്ലിന്റെ വിവരം | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|
| | VG-30(S-65) | RS1-Emulsion- | | |
| മാങ്കുളം മില്ലുപടി റോഡ് മെയിന്റനൻസ് റീടാറിംഗ്(256/18, 292/19)<br>അടങ്കൽ : 280000(MG Road)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>എം.ബുക്ക് നം. 40/18-19<br>ഫൈനൽ ബിൽ തുക : 241285/-<br>ബിൽ നം./ തീയതി :801046321- 292/18-19/18-01-19 | 1353.92 kg. | 94.22kg | സിഡ്കോ - RMDVN/18-19/0172/09-04-18<br>VG-30 – 50ബാരൽ<br>@ 161.8Kg/Barrel = 8090kg<br>RS1-Emulsion-<br>4 Barrel<br>@200/Barrel = 800kg | 192.32kg @<br>41448.08/T = 7971.27 |
| മുരിങ്ങമംഗലം ക്ഷേത്രം അങ്കണവാടിപ്പടി റോഡ് റീടാറിംഗ് (227/18, 279/19)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 270000(MG Road)<br>എം.ബുക്ക് നം. 39/18-19<br>ഫൈനൽ ബിൽ തുക : 235159<br>ബിൽ നം./ തീയതി : 801046316-279/18-19/18- | 780.6 kg. | 90.75 | സിഡ്കോ - RMDVN/18-19 /08-08-18<br>VG-30 – 24ബാരൽ<br>@ 161.8Kg/Barrel = 3883.2kg<br>RS1-Emulsion-<br>2 Barrel<br>@200/Barrel = 400kg | |

| | | | | | |
|---|---|---|---|---|---|
| 01-19 | | | | | |
| കുപ്പക്കര പുതുപ്പറമ്പിൽ പടി കാവുംഭാഗം റോഡ് റീടാറിംഗ്, സംരക്ഷണഭിത്തി നിർമ്മാണം (144/18,251/19)<br><br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br><br>അടങ്കൽ : 400000(MG Road)<br><br>എം.ബുക്ക് നം. 44/18-19<br><br>ഫൈനൽ ബിൽ തുക : 340647<br><br>ബിൽ നം./ തീയതി :801046305- 251/18-19/18-01-19 | 1594.39 kg. | 197.96kg | | | |
| പറങ്കിമാംമൂട്ടിൽ പടി ബിസ്മിപ്പടി റോഡ് മാർക്കറ്റ് റോഡ് പുനരുദ്ധാരണം(253/18, 291/19)<br><br>അടങ്കൽ : 490000(MG Road)<br><br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br><br>എം.ബുക്ക നം. 46/18-19<br><br>പ്രവൃത്തിമൂല്ല്യം: 392367<br><br>ഫൈനൽ ബിൽ തുക : 392367<br><br>ബിൽ നം./ തീയതി : 801168288-291/18-19/12-02-19 | 2065.19kg. | 247.36kg | | | |
| കാളഞ്ചിറ പൂവൻ പാറ റോഡ് റീടാറിംഗ്, ഐറിഷ് ഓട നിർമ്മാണം (265/18, 293/19)<br><br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br><br>അടങ്കൽ : 570150(MG Road 270150, CFC300000) | 1867.78kg. | 222.75kg | | | |

| | | | | |
|---|---|---|---|---|
| എം.ബുക്ക് നം. : 3/18-19<br>ഫൈനൽ ബിൽ തുക : 300000<br>ബിൽ നം./ തീയതി : 800385963- 293/18/31-07-18<br>ഫൈനൽ ബിൽ തുക : 257191<br>ബിൽ നം./ തീയതി : 800385966- 293/18/31-07-18 | | | | |
| ചിറയ്ക്കപ്പടി കാരക്കുഴി റോഡ് പുനരുദ്ധാരണം(166/18, 259/19)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 530000(MG Road)<br>എം.ബുക്ക് നം. : 12/18-19<br>ഫൈനൽ ബിൽ തുക : 445070<br>ബിൽ നം./ തീയതി : 80046909/18/14-08-18 | 1763.95kg. | 225.23kg | | |
| ഇല്ലിരിക്കൽ വരങ്ങാട്ട് റോഡ് പുനരുദ്ധാരണം (165/18,258/19)<br>കരാറുകാരൻ : സെയ്ദ്മുഹമ്മദ്.V.S<br>അടങ്കൽ : 535000(MG Road)<br>എം.ബുക്ക് നം. : 78/17-18<br>പാർട്ട് ബിൽ തുക ; 117000<br>ബിൽ നം./ തീയതി :800249563-258/18-19/27-06-18<br>ഫൈനൽ ബിൽ തുക : 304994<br>ബിൽ നം./ തീയതി :800385968-258/18/31-07-18 | 2482.42kg. | 314.05kg | | |

| | | | | |
|---|---|---|---|---|
| ആകെ | 11908.25kg | 1392.32kg | | |
| കുപ്പക്കര പാലമൂട് മുരപ്പേൽ പടി റോഡ് പുനരുദ്ധാരണം (246/18, 288/19)<br>കരാറുകാരൻ : ഷിജു.കെ.വർഗ്ഗീസ്<br>അടങ്കൽ : 365000(MG Road)<br>എം. ബുക്ക് നം. : 27/18-19<br>ഫൈനൽ ബിൽ തുക : 322418<br>ബിൽ നം./ തീയതി : 801057594- 288/18-19/18-01-19 | 1405.06kg. | 254.75kg | സിഡ്കോ - RMDVN GST/28-02-18<br>VG-30 – 13ബാരൽ<br>@ 161.8Kg/Barrel = 2103.4kg<br>RS1-Emulsion-<br>1 Barrel<br>@200/Barrel = 200kg | 54.75kg @<br>41448.08/T =2269.32 |
| ആകെ | | | | 10240.59 |

ശ്രീ.സെയ്ദ് മുഹമ്മദ്.V.Sകരാർ വച്ച് നടപ്പാക്കിയ ആദ്യത്തെ 7 പ്രവൃത്തികൾക്കായി സിഡ്കോയിൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ 2 ബിൽ ഹാജരാക്കിയിരുന്നു. പ്രസ്തുത ബിൽ പ്രകാരം VG-30(S-65) ബിറ്റുമിൻ ആകെ 11973.2 കി.ഗ്രാമും RS1-Emulsion 1200 കി.ഗ്രാമുമാണ് വാങ്ങിയിട്ടുള്ളത്. ആവശ്യമായത്ര RS1-Emulsion 1392.32 കി.ഗ്രാമാണെന്നിരിക്കെ കരാറുകാരൻ 1200 കി.ഗ്രാം വാങ്ങിയതിന്റെ ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. ആവശ്യമായത്ര ബിറ്റുമിന്റെയും എമൽഷന്റെയും ഉപയോഗം സംബന്ധിച്ച് അളവ് പുസ്തകത്തിൽ അസി. എഞ്ചിനിയർ വേണ്ട സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുമുണ്ട്. ആവശ്യമായത്ര ബിറ്റുമിൻ എമൽഷൻ വാങ്ങിയതിന്റെ ബിൽ ഹാജരാക്കാത്ത സാഹചര്യത്തിൽ കുറവായി വാങ്ങിയ 192.32kg വിലയായ 7971.27 രൂപ തടസ്സപ്പെടുത്തുന്നു. ശ്രീ.ഷിജു.കെ വർഗ്ഗീസ് കരാറിലേർപ്പെട്ടിട്ടുള്ള എട്ടാമത്തെ പ്രവൃത്തിക്ക് ആവശ്യമായത്ര RS1-Emulsion 254.75 കി.ഗ്രാമാണെന്നിരിക്കെ കരാറുകാരൻ 200 കി.ഗ്രാം വാങ്ങിയതിന്റെ ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. കുറവായി വാങ്ങിയ 54.75 കി.ഗ്രാമിന്റെ വിലയായ 2269.32 രൂപ ഉൾപ്പെടെ 10241/- രൂപ തടസ്സപ്പെടുത്തുന്നു. കുറവുള്ള എമൽഷന്റെ അസ്സൽ ബിൽ ഹാജരാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുശാസിക്കുന്ന തരത്തിലുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കുന്നതാണ്.

## 1-30 ടെണ്ടർ നടപടിക്രമത്തിലെ അപാകത - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ലഭിച്ച ടെന്ററുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിച്ചുകൊണ്ട് തൊട്ടുമുകളിലുള്ള നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.വിശദാംശങ്ങൾ ഭാഗം-3 ൽ ഖണ്ഡിക- 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-31 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യുന്നതിൽ വീഴ്ച്ച

250000 രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തിയുടെ പാർട്ട് ബിൽ / ഫൈനൽ ബില്ലിൽ നിന്നും 01-10-2018 മുതൽ പ്രവൃത്തിമൂല്യത്തുകയുടെ 2% തുക ജി.എസ്.ടിയായി കുറവ് ചെയ്യായതിരുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയ ഏതാനും പ്രവൃത്തികളുടെ ഒന്നാം പാർട്ട് ബില്ലിന് ശേഷം കണക്കാക്കുന്ന പാർട്ട് ബിൽ / ഫൈനൽ ബിൽ തുക 250000/- രൂപയിൽ തഴെയാണെന്ന

കാരണത്താൽ ജി.എസ്.ടി കുറവ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. 01-10-2018 ന് ശേഷം ട്രഷറിയിൽ സമർപ്പിച്ച 250000 രൂപയ്ക്കു മുകളിലുള്ള മറ്റ് ചില മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. ഫൈനൽ ബിൽ നൽകുമ്പോൾ ആകെ പ്രവൃത്തിമൂല്ല്യം 250000/- രൂപയ്ക്ക് മുകളിലാണെങ്കിൽ 2% തുക ജി.എസ്.ടിയായി കണക്കാക്കി മുമ്പ് നൽകിയ പാർട്ട് ബിൽ പ്രകാരം ജി.എസ്.ടി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് കുറവ് ചെയ്ത് ബാക്കിയുള്ള തുക ഈടാക്കി ജി.എസ്.ടി ഹെഡിൽ ഒടുക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ജി.എസ്.ടി ഈടാക്കിയിട്ടില്ലാത്തതും കുറവായി ഈടാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | നാളിതുവരെയുള്ള അലോട്ട്മെന്റ് | ആകെ കണക്കാക്കേണ്ട ജി.എസ്.ടി | പാർട്ട്ബിൽ / ഫൈനൽ ബിൽ പ്രകാരം ഈടാക്കിയ ജി.എസ്.ടി | ജി.എസ്.ടി ബാക്കി ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| പൂവൻപാറ ഇളയാം കുന്ന് റോഡ് സംരക്ഷണം(95/19)<br>അടങ്കൽ : 480000<br>കരാറുകാരൻ : L.തോമസ്സ്<br>പ്രവൃത്തിമൂല്ല്യം : 424964<br>Iാം പാർട്ട് ബിൽ തുക : 169825/-<br>ബിൽ നം./ തീയതി 801466932-95/18-19/26-03-19<br>ഫൈനൽ ബിൽ തുക : 241944/-<br>ബിൽ നം./ തീയതി 80004412-234/19-20/08-05-19<br>30175/-<br>ബിൽ നം./ തീയതി 80089960-234/19-20/11-06-19 | 441944 | 8839 | 0 | 8839 | 8839 |
| തേക്കും മൂട്ടിൽ കടവ് വാട്ടർ ടാങ്ക്റോഡ് പുനരുദ്ധാരണം (306/19)<br>അടങ്കൽ : 600000<br>കരാറുകാരൻ : മുഹമ്മദ് അനീസ് | 479842 | 9597 | 7596 | 2001 | 2001 |

| | | | | | |
|---|---|---|---|---|---|
| പ്രവൃത്തിമൂല്യം : 479842<br><br>ഫൈനൽ ബിൽ തുക : 379842/-<br><br>ബിൽ നം./ തീയതി 801446357-306/18-19/26-03-19<br><br>ഫൈനൽ ബിൽ തുക : 100000/-<br><br>ബിൽ നം./ തീയതി 801454494-306/18-19/26-03-19 | | | | | |
| മൂന്ന് മുക്കിനാൽ വേങ്ങത്തടിക്കൽ റോഡ് കോൺക്രീറ്റിംഗ്(56/19)<br><br>അടങ്കൽ : 1050000<br><br>കരാറുകാരൻ : G.അനിൽകുമാർ<br><br>പ്രവൃത്തിമൂല്യം : 767098<br><br>ഫൈനൽ ബിൽ തുക : 215000/-<br><br>ബിൽ നം./ തീയതി 801367501-56/18-19/19-03-19<br><br>ഫൈനൽ ബിൽ തുക : 252098/-<br><br>ബിൽ നം./ തീയതി 801367591-56/18-19/19-03-19<br><br>ഫൈനൽ ബിൽ തുക : 300000/-<br><br>ചെക്ക് നം. / തീയതി : 2937477/16-03-19 | 767098 | 15342 | 11042 | 4300 | 4300 |
| എലിയറയ്ക്കൽ കാളഞ്ചിററോഡ്<br><br>പുനരുദ്ധാരണം(239/18, 286/19)<br><br>അടങ്കൽ : 725000<br><br>കരാറുകാരൻ : മുഹമ്മദ് അനീസ് | 568653 | 11373 | 0 | 11373 | 11373 |

| | | | | | |
|---|---|---|---|---|---|
| പ്രവൃത്തിമൂല്ല്യം : 568653<br><br>ഫൈനൽ ബിൽ തുക : 568653/-<br><br>ബിൽ നം./ തീയതി 800779599-56/18-19/19-11-18 | | | | | |
| അളിയൻ മുക്ക് തുളസിക്കാലാ കോയിക്കൽ പടി പള്ളിമുരുപ്പ് റോഡ്പുനരുദ്ധാരണം (205/18, 270/19)<br><br>അടങ്കൽ : 500000<br><br>കരാറുകാരൻ : സി.വി.വർഗ്ഗീസ്<br><br>പ്രവൃത്തിമൂല്ല്യം : 349571<br><br>ഫൈനൽ ബിൽ തുക : 300000/-<br><br>ബിൽ നം./ തീയതി 800780469-270/18-19/19-11-18<br><br>ഫൈനൽ ബിൽ തുക : 49571/-<br><br>ബിൽ നം./ തീയതി 800780463-270/18-19/19-11-18 | 349571 | 6991 | 0 | 6991 | 6991 |
| ഓമണ്ണിൽപ്പടി വഞ്ചിപ്പടി റോഡ് മെയിന്റനൻസ്, ഐറിഷ് ഓട നിർമ്മാണം(237/18, 281/19)<br><br>അടങ്കൽ : 381685<br><br>കരാറുകാരൻ :<br><br>സാംസൺ ശാമുവൽ<br><br>പ്രവൃത്തിമൂല്ല്യം : 381685<br><br>ഫൈനൽ ബിൽ തുക : 200000/- | 381685 | 7633 | 0 | 7633 | 7633 |

| | | | | | |
|---|---|---|---|---|---|
| ബിൽ നം./ തീയതി 800780437-281/18-19/19-11-18<br>ഫൈനൽ ബിൽ തുക : 181685/-<br>ബിൽ നം./ തീയതി 800780449-281/18-19/19-11-18 | | | | | |
| | | | | | 41137 |

ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ട തുക കരാറുകാർക്ക് അധിക പ്രതിഫലമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/06-03-2020) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 250000 രൂപയിൽ താഴെയുള്ള പാർട്ട് ബില്ലിൽ നിന്നും ശ്രദ്ധക്കുറവ് മൂലം ജി.എസ്.ടി ഈടാക്കിയില്ലെന്നും ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 2% തുക ജി.എസ്.ടിയായി കുറവ് ചെയ്തിട്ടുമുണ്ടെന്ന് അറിയിച്ചു. എന്നാൽ ടി ഒന്നാമത്തെ പ്രവൃത്തി ഒഴിച്ച് ബാക്കി എല്ലാ പ്രവൃത്തികളുടെയും ഫൈനൽ ബിൽ തുകയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ ബില്ലിൽനിന്നും ജി.എസ്.ടി ഈടാക്കിയിട്ടുമില്ല. അസി.എഞ്ചിനിയറുടെ മറുപടി അംഗീകരിക്കുന്നില്ല. അധിക പ്രതിഫലമായി നൽകിയ ടി 41137/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി ഹെഡിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-32 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

ഓഡിറ്റ് വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 120 പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 287704/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും തൻ വർഷം ഈടാക്കിയിട്ടുള്ള ക്ഷേമ നിധി വിഹിതം 174523/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-33 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കോന്നി ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. തൻവർഷം 287704/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും പിടിച്ച് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 2877 രൂപ കളക്ഷൻ ചാർജായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാമായിരുന്നു. കളക്ഷൻ ചാർജ്

ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/21-11-19) ലഭ്യമാക്കിയ മറുപടിയിൽ കളക്ഷൻ ചാർജ് തിരികെ ലഭിക്കുന്നതിനായി ക്ഷേമ നിധി ബോർഡ് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. ക്ഷേമനിധി ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-34 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ച് മരാമത്ത് ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഇത് പ്രാവർത്തികമാക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപയോഗ പ്രദമാകത്തക്ക തരത്തിൽ പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഗുണമേന്മാ പരിശോധനയിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ച്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-35 ആസ്തി സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യാറാക്കേണ്ടതാണ് ആസ്തി രജിസ്റ്റർ. എന്നാൽ നിലവിലെ ആസ്തി രജിസ്റ്ററിലെ പല വിവരങ്ങളും തെറ്റാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ

ഉൾപ്പെട്ടിട്ടുള്ള പല സ്ഥലങ്ങളുടേയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുമില്ല. മാത്രവുമല്ല, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയോ കരം അടക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വസ്തു വകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക ഭൂമിയുടെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1. | നാരായണപുരം മാർക്കറ്റ് | 260/9<br>261/2 | 8ആർ 20 ച.മീ | |
| 2. | ഫിഷ് മാർക്കറ്റ് | 381/47,8,9<br>382/7 B2,3 | 10 ആർ 20 ച.മീ | |
| 3. | മാർക്കറ്റ് എക്സ്പാൻഷൻ | 382/7<br>എ2 | 31 ആർ 17 ച.മീ | |
| 4. | ബസ്സ് സ്റ്റാന്റ് | 364/47/1/1 | 21 ആർ 80 ച.മീ | |
| 5. | others( land) | സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 276 ഹെക്ടർ | |
| 6. | others (land) | സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 121 ആർ | |
| 7. | other land(Rock out crop) | സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 248 ഹെക്ടർ | |
| 8. | other land | സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 2 ആർ | ആസ്തി രജിസ്റ്ററിൽ വസ്തുവിന്റെ മൂല്യം 20032004 രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 9. | സ്റ്റേഡിയം | 382/7A/1 | 31 ആർ 60 ച.മീ | |
| 10. | സ്റ്റേഡിയം | 273/9 | 18 ആർ 60 ച.മീ | |
| 11. | ജി.എൽ.പി.എസ്സ്, അട്ടച്ചാക്കൽ | സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 33 ആർ 90 ച.മീ | |
| 12. | ജി.എൽ.പി.എസ്സ്, കോന്നി താഴം | സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. | 17 ആർ 55 ച.മീ | |
| 13. | പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം | 369/16<br>389/16 | 8 ആർ | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുകയോ അപ്ഡേറ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ലെന്നു മാത്രമല്ല. ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങൾ കൃത്യവുമല്ല.

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണവും കൃത്യവുമാക്കേണ്ടതും സ്ഥലത്തിന്റെ പ്രമാണം, രജിസ്ട്രേഷൻ രേഖകൾ ഇവ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-36 സ്മാർട്ട് ക്ലാസ്സ് റൂം- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂം വാങ്ങൽ (232/19) |
| വകയിരുത്തിയ തുക | 660000- വികസനഫണ്ട് |
| ചെലവഴിച്ച തുക | 539600 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-2 തീയതി 16-05-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ടെണ്ടർ നടപടി പ്രകാരം ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയത്. പദ്ധതിയുടെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്മാർട്ട് ക്ലാസ് റൂം സ്ഥാപിച്ച ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല.

2) സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഡി.പി.ഐ യുടെ മാർഗ്ഗനിർദ്ദേശം( ഓർഡർ നം-NEP3/40036/2017 തീയതി 30-05-2017), പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06-01-2018-ലെ സ.ഉ (സാധാ) നം-97/2018/ പെ.വി.വ നമ്പർ ഉത്തരവ് എന്നിവ പ്രകാരം എല്ലാ വിധ ഉപകരണങ്ങൾക്കും അഞ്ച് വർഷ വാറന്റി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ആർ.ജെ എന്റർപ്രൈസസ് ലഭ്യമാക്കിയിരിക്കുന്നത് ഒരു വർഷത്തെ വാറന്റി മാത്രമാണ്.

3)ഡി.പി.ഐ യുടെ മാർഗ്ഗനിർദ്ദേശം. 06-01-2018-ലെ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണവുമായി ബന്ധപ്പെട്ട് യു.പി.എസ്, ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രോജക്ടർ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് സ്ഥാപിക്കേണ്ടിയിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി Document camera, Computer Cupboard, Smart interactive board എന്നീ ഉപകരണങ്ങൾ വാങ്ങി. ടി ഉപകരണങ്ങൾക്കായി 168000 രൂപ ചെലവഴിച്ചു.

4) സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06-01-2018-ലെ സ.ഉ (സാധാ) നം-97/2018/ പെ.വി.വ നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂമിലെ മൾട്ടിമീഡിയ പ്രൊജക്ടറിന് പരമാവധി ചെലവഴിക്കാവുന്ന തുക 23860 (ടാക്സ് ഉൾപ്പെടെ) രൂപയാണ്. നാല് മൾട്ടിമീഡിയ പ്രൊജക്ടറുകളാണ് ഗ്രാമപഞ്ചായത്തിൽ വാങ്ങിയത്.എന്നാൽ ടി പദ്ധതി നിർവ്വഹണത്തിൽ മൾട്ടിമീഡിയ പ്രോജക്ടറിന് 41000 രൂപ ചെലവഴിച്ചു. ഇത് പ്രകാരം ഒരെണ്ണത്തിന് 17140രൂപ അധികം ചെലവഴിച്ചു. ഇപ്രകാരം 4 മൾട്ടിമീഡിയ പ്രൊജക്ടുകൾക്കായി 68560 രൂപ അധികം ചെലവഴിച്ചു.

അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വാങ്ങിയ ഉപകരണങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുന്നുവെന്നാണ് അറിയിച്ചത്. ഭാവിയിൽ സർക്കാർ മാർഗ്ഗ

നിർദ്ദേശത്തിനനുസൃതമായി തുക ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 ഇടിഞ്ഞുവീഴാറായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊതുജനങ്ങൾക്ക് ഭീഷണിയാകുന്നു

കോന്നി ടൗണിൽ പുനലൂർ- മൂവാറ്റുപുഴ സംസ്ഥാനപാതയിലാണ് ഇടിഞ്ഞുവീഴാറായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. ഏകദേശം നാൽപ്പത് വർഷത്തോളം പഴക്കമുള്ള ഇരുനിലക്കെട്ടിടമാണിത്. നാല് വർഷം മുമ്പ് കെട്ടിടം അപകടാവസ്ഥയിലാണെന്ന് അസ്സിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി)റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാരെ പൂർണ്ണമായും ഒഴിപ്പിച്ചുവെങ്കിലും കെട്ടിടം ഇനിയും പൊളിച്ചുമാറ്റുന്നതിന് കഴിഞ്ഞിട്ടില്ല.



നാരായണിപുരം മാർക്കറ്റിൽ മെയിൻ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ടി കെട്ടിടം കാലപ്പഴക്കം മൂലം അപകടസ്ഥിതിയിലാണെന്നും രണ്ടാം നിലയിലെ കോൺക്രീറ്റുകൾ അടർന്നുവീഴുകയാണെന്നുമുള്ള പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഫിറ്റ്നസ് സംബന്ധമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കണമെന്ന് 06-04-2015-ൽ കോന്നി താലൂക്ക് തഹസീൽദാർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി അസ്സി. എഞ്ചിനീയർ പരിശോധന നടത്തി കെട്ടിടം അപകടാവസ്ഥയിലാണെന്നും പൊളിച്ചുമാറ്റണമെന്നും 27-06-2015-ൽ ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് നൽകി. 07-07-2015-ലെ iv(5)-ാം നമ്പർ തീരുമാന പ്രകാരം കെട്ടിടം പൊളിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു.

കെട്ടിടം പൊളിച്ചുമാറ്റുന്നതിന് 01-03-2016-ലെ SR-18/AEE/KNI നമ്പർ കത്ത് പ്രകാരം കോന്നി ബ്ലോക്ക് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 60015 രൂപയുടെ വാല്യവേഷൻ നിശ്ചയിച്ച് നൽകി. ടി വാല്യവേഷൻ 02-03-2016-ലെ ഭരണസമിതി യോഗം അംഗീകരിക്കുകയും കെട്ടിടം പൊളിച്ചുമാറ്റുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് നൽകിയ വാല്യുവേഷൻ അംഗീകരിച്ച് കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റുന്നതിന് 04-12-2016-ൽ പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭിക്കുകയും ചെയ്തു. ഇപ്രകാരം 2016-ൽ തന്നെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുവെങ്കിലും കെട്ടിടം ഇനിയും പൊളിച്ചുമാറ്റിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം തന്നെ താഴത്തെ നിലയിലുള്ള വാടകക്കാരെ പൂർണ്ണമായും ഒഴിപ്പിക്കുകയും മുകളിൽ നിലയിൽ പ്രവർത്തിച്ചിരുന്ന സബ്ബ് ട്രഷറി ഓഫീസ് കോന്നി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറുകയും ചെയ്തിരുന്നു. സബ്ബ് ട്രഷറി ഓഫീസ് മാറ്റിയെങ്കിലും അവരുടെ ഫർണ്ണീച്ചറുകൾ ഇപ്പോഴും മാറ്റിയിട്ടില്ല. ഫർണ്ണീച്ചറുകൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സബ്ബ്ട്രഷറി ഓഫീസർക്ക് അഞ്ച് തവണ കത്ത് നൽകിയെങ്കിലും ഫർണ്ണീച്ചറുകൾ ലേലം ചെയ്ത് കെട്ടിടം ഇനിയും ഒഴിഞ്ഞുനൽകിയിട്ടില്ല. കോന്നി സബ്ബ് ട്രഷറി ഓഫീസർ 30-10-2019-ൽ ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ പഴയ ഓഫീസ് കെട്ടിടത്തിലുണ്ടായിരുന്ന 9 കൗണ്ടറുകൾക്ക് 34610 രൂപ, സ്റ്റോങ്ങ് റൂമിന് 200000 രൂപയും വാല്യവേഷൻ ലഭിച്ചിട്ടുണ്ടെന്നും മൂന്നു തവണ ലേലം ചെയ്തുവെങ്കിലും ആരും ലേലം എടുക്കാതിരുന്നതിനാലാണ് ഫർണ്ണീച്ചറുകൾ നീക്കം ചെയ്യാത്തതെന്നും അറിയിക്കുകയുണ്ടായി.

കെട്ടിടം പൂർണ്ണമായും അപകടാവസ്ഥയിലാണെങ്കിലും കെട്ടിടത്തിന് മുൻവശത്ത് അഞ്ചോളം അനധികൃത കച്ചവടക്കാർ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാതെ ഇപ്പോഴും കച്ചവടം നടത്തുന്നുണ്ട്. കൂടാതെ ധാരാളം

വഴിയാത്രക്കാരും വാഹനങ്ങളും കടന്നുപോകുന്ന പ്രധാന പാതയോട് ചേർന്നാണ് ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ഇത് ജനങ്ങളുടെ ജീവനും സ്വത്തിനും വലിയ ഭീഷണി തന്നെയാണ്. മൂന്ന വർഷം മുൻപ് തന്നെ വാടകക്കാരെ പൂർണ്ണമായും ഒഴിപ്പിച്ചുവെങ്കിലും സബ്ബ് ട്രഷറി ഓഫീസിന്റെ ഫർണ്ണീച്ചറുകൾ നീക്കം ചെയ്യാത്തതു മൂലം കെട്ടിടം പൊളിച്ചുമാറ്റാൻ കഴിയാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചില്ല. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടി ഇപ്രകാരം അനന്തമായി നീളുമായിരുന്നില്ല.

കോന്നിയുടെ ഏറ്റവും വ്യാപാര പ്രാധാന്യമുള്ള സ്ഥലത്താണ് ടി കെട്ടിടം എന്നുള്ളതിനാൽ ഇത് പൊളിച്ചുമാറ്റിയിരുന്നുവെങ്കിൽ ഒരു വിശാലവും നൂതനരീതിയിലുള്ളതുമായ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ഗ്രാമപഞ്ചായത്തിന് ഇവിടെ നിർമ്മിക്കുവാൻ സാധിക്കുമായിരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം ഇവിടേക്ക് കൊണ്ടുവരുന്നതിനും സാധിക്കുമായിരുന്നു. ഗ്രാമപഞ്ചായത്ത് ഓഫീസ് ഇവിടേക്ക് മാറ്റുമ്പോൾ നിലവിൽ ഓഫീസ് കെട്ടിടമില്ലാത്ത കൃഷി ഓഫീസായി ഇത് ഉപയോഗിക്കാനും കഴിയുമായിരുന്നു. ഗ്രാമപഞ്ചായത്ത് വക ഒരു ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം കോന്നി ടൗണിൽ എത്തുന്നതോടെ കോന്നിയുടെ മുഖച്ഛായ തന്നെ മാറുകയും ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങൾ വരുമാനം ഉണ്ടാകുന്നതിന് മാർഗ്ഗം ഉണ്ടാവുകയും ചെയ്യും. കെട്ടിടം പൊളിച്ചുമാറ്റാത്തത് മൂലം ഗ്രാമപഞ്ചായത്തിന് വിലപ്പെട്ട മൂന്ന് വർഷങ്ങളും വാടകയിനത്തിൽ ലഭിക്കുമായിരുന്ന ലക്ഷക്കണക്കിന് രൂപയുമാണ് നഷ്ടമായത്. കെട്ടിടത്തിന്റെ മുകൾനിലയിലുള്ള ഫർണ്ണീച്ചറുകൾ പൂർണ്ണമായും നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഭരണസമിതി ക്രീയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-38 വാങ്ങിയ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും വിതരണം ചെയ്തില്ല

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യദ്ധജനങ്ങൾക്ക് കട്ടിൽ നൽകൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർടാങ്ക് വാങ്ങി നൽകൽ എന്നീ പ്രോജക്ടുകളിൽ വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല.

1) <u>വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകൽ</u>

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വൃദ്ധജനങ്ങൾക്ക് കട്ടിൽ (51/18-19) |
| വകയിരുത്തിയ തുക | 469800- വികസനഫണ്ട് |
| ചെലവഴിച്ച തുക | 400200 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-9 തീയതി 27-12-2018 |

കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ)ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനത്തിൽ നിന്നുമാണ് കട്ടിലുകൾ വാങ്ങിയത്. ഒരു കട്ടിലിന് 4350 രൂപ നിരക്കിൽ 92 കട്ടിലുകളാണ് വാങ്ങിയത്. എന്നാൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ 82 കട്ടിലുകൾ മാത്രമാണ് വിതരണം നടത്തിയത്. 10 കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

2)<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർടാങ്ക് വാങ്ങി നൽകൽ</u>

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർടാങ്ക് വാങ്ങി നൽകൽ(31/18-19) |
| വകയിരുത്തിയ തുക | 272510- വികസനഫണ്ട്<br>96000- ഉണ.വിഹിതം<br>ആകെ-369600 രൂപ |
| ചെലവഴിച്ച തുക | 272510- വികസനഫണ്ട്<br>85000- ഉണ.വിഹിതം |

| | |
|---|---|
| ബിൽ നമ്പരും തീയതിയും | ബിൽ നം-10തീയതി 31-12-2018-144260 രൂപ<br>ബിൽ നം-19തീയതി 19-03-2019-128250 രൂപ<br>ചെക്ക് നം-007515 തീയതി 21-02-2019- 35000 രൂപ<br>ചെക്ക് നം-007806തീയതി 29-03-2019- 30000 രൂപ<br>ചെക്ക് നം- തീയതി 07-02-2019- 20000 രൂപ |

ടെണ്ടർ നടപടികൾ പ്രകാരം പൊന്നാരേത്ത് ഏജൻസീസ് ,കാക്കനാട്, എരുവ.പി.ഒ, കായംകുളം എന്ന സ്ഥാപനത്തിൽ നിന്നമാണ് വാട്ടർടാങ്കുകൾ വാങ്ങിയത്. 3850 രൂപയായിരുന്ന ഒരു ടാങ്കിന്റെ വില. 2850 രൂപ സബ്സിഡിയും 1000 രൂപ ഗുണഭോക്തൃവിഹിതവുമായിരുന്ന ചെലവഴിച്ചത്. 96 ടാങ്കുകളാണ് വാങ്ങിയത്. എന്നാൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ 87 ടാങ്കുകളാണ് വിതരണം നടത്തിയത്. 9 ടാങ്കുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. (ഈടാക്കിയ ഗുണഭോക്തൃവിഹിതത്തിൽ 2000 രൂപ സ്ഥാപനത്തിന് നൽകാനുണ്ട്.)

ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാതിരിരുന്ന അപാകതയ്ക്ക് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-6/29-02-2020) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചത്. രണ്ട് പ്രോജക്ടുകളിലും ചെലവ് കൂട്ടി കാണിക്കുന്നതിനുവേണ്ടി മാത്രമാണ് ഗുണഭോക്താക്കൾ ഇല്ലാതെ തുക ചെലവഴിച്ചത്. ഇപ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലായെന്ന് ധനവിനിയോഗചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (ജി.ഒ (പി) നം-177/2006/ ഫിൻ തീയതി 12-04-2006). രണ്ടു പദ്ധതികളിലുമായി വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിലയായ 69150 രൂപ (10x4350+9x2850) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാങ്ങിയ ഉപകരണങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് പൂർണ്ണമായി വിതരണം ചെയ്ത് മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

# 1-39 കൃഷി ഭവന് സ്വന്തമായി കെട്ടിടമില്ല

ഗ്രാമപഞ്ചായത്ത് രൂപീകരിച്ച് അൻപത് വർഷം കഴിഞ്ഞിട്ടും കൃഷിഭവന് സ്വന്തമായി കെട്ടിടമില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം ഒരു വീട്ടിലാണ് നിലവിൽ കൃഷി ഓഫീസ് പ്രവർത്തിക്കുന്നത്. കാർഷിക യന്ത്രോപകരണങ്ങൾ സൂക്ഷിക്കുന്നതിനോ വിത്തുകളും തൈകളും സംഭരിക്കുന്നതിനോ ഇവിടെ വേണ്ടത്ര സൗകര്യമില്ല. കൃഷി ഓഫീസർ ഉൾപ്പെടെ 5 ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്.

മാസം 5515 രൂപയാണ് കൃഷിഭവൻ കെട്ടിടത്തിന്റെ വാടക. കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിന് നിലവിൽ കെട്ടിട ഉടമ ആവശ്യപ്പെട്ടിരിക്കുകയാണ്. പല സ്ഥലങ്ങളിൽ മാറി മാറി പ്രവർത്തിച്ച ശേഷമാണ് ഗ്രാമപഞ്ചായത്തിന് സമീപം വാടകക്കെട്ടിടത്തിൽ കൃഷി ഓഫീസ് പ്രവർത്തിക്കുന്നത്. ഇവിടെ നിന്നും മാറേണ്ടി വന്നാൽ പര്യാപ്തമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിന് ഏറെ ബുദ്ധിമുട്ടാണ്.കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് ലക്ഷങ്ങൾ മുടക്കി ഗ്രാമപഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് കൊടുക്കുമ്പോഴാണ് ഇപ്രകാരം ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ ഒരു സ്ഥാപനം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. മാറി മാറി വന്ന ഭരണസമിതികൾ ടി വിഷയത്തിൽ നടപടി സ്വീകരിക്കാതിരുന്നത് വളരെ ഗുരുതരമായ ഒരു വിഷയമാണ്. കൃഷി ഭവന് സ്വന്തമായി ഭൂമി കണ്ടെത്തി കെട്ടിടം പണിയുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-40 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി **5415306** രൂപ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തികവർഷം ഡെപ്പോസിറ്റ് ചെയ്തിരുന്നു. എഗ്രിമെന്റ് പ്രകാരം എല്ലാ പ്രവൃത്തികളും 2019 മാർച്ച് 31-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഓഡിറ്റ് സമയത്തും ടി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ പേര്,പ്രോജക്റ്റ് നം | കരാർ | ഡെപ്പോസിറ്റ് |
|---|---|---|---|

| നം | | സ്ഥാപനം | ചെയ്ത തുക |
|---|---|---|---|
| 1 | ഗംഗാ കുടിവെള്ള പദ്ധതി (155/18-19) | വാട്ടർ അതോറിറ്റി | 2400000 |
| 2 | പൊന്തനാംകുഴി വാട്ടർ ടാങ്ക് പുനരുദ്ധാരണം (204/18-19) | ,, | 170000 |
| 3 | മാർക്കറ്റ് സാനിറ്ററി കോംപ്ലക്സ്-വൈദ്യുതീകരണം (319/18-19) | കെ.എസ്.ഇ.ബി | 112652 |
| 4 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (234/18-19) | ,, | 116918 |
| 5 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ (96/18-19) | ,, | 165080 |
| 6 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈനുകൾ ദീർഘിപ്പിക്കൽ (101/18-19) | ,, | 2150656 |
| 7 | സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ (8/18-19) | വാട്ടർ അതോറിറ്റി | 300000 |
| | | ആകെ | 5415306 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രവൃത്തികൾ എഗ്രിമെന്റ് പ്രകാരം 2019 മാർച്ച് 31-നകം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ഓഡിറ്റ് സമയത്തും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭ്യമാകുന്ന പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-41 ബാലസഭയ്ക്ക് അധികമായി സഹായം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ബാലസഭയ്ക്ക് ധനസഹായം(16/18-19 |
| വകയിരുത്തിയ തുക | 50000 - വികസനഫണ്ട് |
| ചെലവഴിച്ച തുക | 50000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-3 തീയതി 11-07-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ)നം-22/2018/ത.സ്വ.ഭ.വ തീയതി 14.02.2020) ബാലസഭകളുടെ പഞ്ചായത്ത്തല പ്രവർത്തനത്തിന് നൽകാവുന്ന പരമാവധി ധനസഹായം 40000 രൂപയും വാർഡ് തല പ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് 1000 രൂപ വീതവുമാണ്. എന്നാൽ ആയതിന് വിരുദ്ധമായി പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്കായി 50000 രൂപ ചെലവഴിച്ചു. വി.ഇ.ഒ തുക കുടംബശ്രീയ്ക്ക് കൈമാറുകയും കുടംബശ്രീയുടെ മെംബർ സെക്രട്ടറിയായ അസ്സിസ്റ്റന്റ് സെക്രട്ടറി തുക ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 25-02-2019-ൽ ബാലസഭാ കുട്ടികൾക്കായി പഞ്ചായത്ത് തലത്തിൽ നടത്തിയ വിനോദയാത്രയ്ക്കാണ് പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചത്. ബാലസഭയുടെ വാർഡ് തല പ്രവർത്തനങ്ങൾക്കായി തുകയൊന്നും ചെലവഴിച്ചില്ല. ഇപ്രകാരം 10000 രൂപ അധികമായി പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-8/29-02-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തുക ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 10000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ. ഉ (പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും ഓഡിറ്റ് വർഷം ജീവനക്കാരുടെ മൂന്നും നാലും ഗഡു ശമ്പള കുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക 48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ഒടുക്കിയില്ല.പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ / തീയതി | നൽകിയ കുടിശ്ശിക തുക |
|---|---|---|---|
| 1. | മൂന്നാം ഗഡു ശമ്പളക്കുടിശ്ശിക | 7631776/20.06.2018 | 203171 |
| 2. | നാലാം ഗഡു ശമ്പളക്കുടിശ്ശിക | 0173493/10.10.2018 | 249639 |

പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ട ജീവനക്കാർക്ക് നൽകിയ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-43 ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല

പഞ്ചായത്തിന് ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിക്കുന്ന തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ ബാദ്ധ്യതയുള്ളതായി കാണുന്നു. 2018-19 ഒന്നാം അർദ്ധ വർഷം വരെയുള്ള ലൈബ്രറി സെസ്സ് മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയത്. പിന്നീട് ലൈബ്രറി സെസ്സ് ഇനത്തിൽ വരവു വന്ന തുക അടവാക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2019 ൽ 999737 രൂപ ടിയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്നു. 20.09.2005-ലെ ഗവൺമെന്റ് സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും പിരിക്കുന്ന ലൈബ്രറി സെസ്സ് തുക രണ്ടു ഗഡുക്കളായി (ഏപ്രിൽ 30-ന് മുൻപും നവംബർ 30-ന മുൻപും) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതും ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി ടി കാലയളവിലെ പിഴപലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കേണ്ടതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിച്ച തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-44 പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല

പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വർഷങ്ങളായി സംയുക്ത പരിശോധന നടത്തുന്നില്ല. 370 പൊതുടാപ്പുകൾക്ക് പ്രതിമാസം 163875 രൂപ നിരക്കിൽ 2018-19 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത് 19.66 ലക്ഷം രൂപയാണ്. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് വർഷംതോറും ചെലവഴിക്കുന്നതെങ്കിലും എല്ലാ ടാപ്പുകളും പ്രവർത്തന ക്ഷമമാണോ എന്നത് സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതായി എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. വർഷങ്ങളായി ഗ്രാമപഞ്ചായത്ത് 370 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കി വരുന്നത്. പ്രസ്തുത സാഹചര്യത്തിൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുകയോ അല്ലാത്ത പക്ഷം പദ്ധതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത് ടാപ്പുകൾ പൂർണ്ണമായും നീക്കം ചെയ്യുകയോ ചെയ്യേണ്ടതാണ്. തുടർന്ന് ടാപ്പുകൾ ആവശ്യമായ കുടുബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്. ഈ വിഷയത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-45 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)

ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതിയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

## 1-46 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചു - പഞ്ചായത്ത് ഫണ്ടിനു് നഷ്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | പൂവൻപാറ ഇളയാംകുന്ന് റോഡ് സംരക്ഷണം(95/18-19) |
| അടങ്കൽ: | 480000/- MG(R)- 280000<br>CFC - 200000 |
| കരാറുകാരൻ: | എൽ.തോമസ്സ് |
| ടെണ്ടർ നിരക്ക് : | 5.01%<എസ്റ്റിമേറ്റ് നിരക്ക് |
| എം.ബുക്ക് : | 103/18-19,134/18-19 |
| പ്രവൃത്തിമൂല്യം: | 424964.85 |
| പാർട്ട് ബിൽ തുക : | 169825 |
| ബിൽ നം./തീയതി : | 801466932-95/18-19/26-03-19 |
| ഫൈനൽ ബിൽ തുക : | 241944 |
| ബിൽ നം./തീയതി : | 800044112-234/19-20/8-05-19 |
| ഫൈനൽ ബിൽ തുക : | 30175 |
| ബിൽ നം./തീയതി : | 80089960-234/20/11-06-19 |

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ടെണ്ടർ മുഖേന നടപ്പാക്കിയ ടി മരാമത്ത് പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിച്ചുകൊണ്ട് തൊട്ടുമുകളിലുള്ള നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായതുമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ചു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | പൂവൻപാറ ഇളയാംകുന്ന് റോഡ് സംരക്ഷണം(95/18-19) |
| അടങ്കൽ: | 480000/- MG(R)- 280000<br>CFC - 200000 |
| കരാറുകാരൻ: | എൽ.തോമസ്സ് |
| ടെണ്ടർ നിരക്ക് : | 5.01%<എസ്റ്റിമേറ്റ് നിരക്ക് |
| എം.ബുക്ക് : | 103/18-19,134/18-19 |
| പ്രവൃത്തിമൂല്ല്യം: | 424964.85 |
| പാർട്ട് ബിൽ തുക : | 169825 |
| ബിൽ നം./തീയതി : | 801466932-95/18-19/26-03-19 |
| ഫൈനൽ ബിൽ തുക : | 241944 |
| ബിൽ നം./തീയതി : | 800044112-234/19-20/8-05-19 |
| ഫൈനൽ ബിൽ തുക : | 30175 |
| ബിൽ നം./തീയതി : | 80089960-234/20/11-06-19 |

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ ടെണ്ടർ മുഖേന നടപ്പാക്കിയ ടി മരാമത്ത് പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിച്ചുകൊണ്ട് തൊട്ടുമുകളിലുള്ള നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

13-07-18 ൽ നടന്ന ഓപ്പൺ ടെണ്ടറിൽ 5 പേർ പങ്കെടുത്തു. ടെണ്ടർ ഷെഡ്യൂളിൽ ഐറ്റം വൈസ് റേറ്റിൽ നിരക്ക് ക്വോട്ട് ചെയ്ത് ആകെ ടെണ്ടർ തുക രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടറിൽ ആകെ അടങ്കൽ തുകയിൽ നിന്നും എത്ര ശതമാനം കുറച്ചുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നതിന് ശതമാന നിരക്ക് കൂടി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് നിരക്ക് ക്വോട്ട് ചെയ്തു എന്ന് കാരണം രേഖപ്പെടുത്തി ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച അസി.എഞ്ചിനിയറുടെ നടപടി അംഗീകരിക്കാവുന്നതല്ല. ഇനം പ്രതിയുള്ള നിരക്കിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നുള്ള വ്യതിയാന ശതമാനത്തിന് പ്രസക്തിയില്ല. കരാറുകാരൻ ആകെ അടങ്കൽ തുകയുടെ എത്ര ശതമാനമാണ് കുറവ് എന്നാണ് കാണിച്ചിട്ടുള്ളത്. ജി.എസ്.ടി പ്രോവിഷൻ/മുൻകൂട്ടി കാണാൻ കഴിയാത്ത തുക എന്നിവ കഴിച്ചുള്ള തുകയുടെ ശതമാനം കണക്കാക്കി രണ്ട് നിരക്ക് ക്വോട്ട് ചെയ്തുവെന്നുള്ള അസി.എഞ്ചിനിയരുടെ വാദഗതി നില നിൽക്കുന്നതല്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാതെ തൊട്ടുമുകളിലുള്ള നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെപേര്,ക്വോട്ട് ചെയ്ത ടെണ്ടർ തുക | ഏറ്റവും കുറഞ്ഞ ടെണ്ടർ നിരക്ക് | അംഗീകരിച്ച ടെണ്ടർ നിരക്ക് |
|---|---|---|
| (1) എൽ.തോമസ്സ് : 5.01% <എസ്റ്റിമേറ്റ് നിരക്ക് | 438279.75 | 455952(5.01%below) |

| | | |
|---|---|---|
| (2)G.S.സന്തോഷ് കുമാർ<br>471320.10<br>(3)ഷിജു.കെ.വർഗ്ഗീസ് :<br>476939.40<br>(4) ജയകൃഷ്ണപിള്ള : 451490(5.93%<എസ്റ്റിമേറ്റ് നിരക്ക്)<br>(5)പ്രസിഡന്റ്, റാന്നി താലൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി :438279.75(8.69% <എസ്റ്റിമേറ്റ് നിരക്ക്) | | |

ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിരുന്നുവെങ്കിൽ ഫൈനൽ ബിൽ പ്രകാരം കണക്കാക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതിഫലം നൽകിയ അളവ്,നിരക്ക് | തുക | കുറഞ്ഞ നിരക്കിലുള്ള ടെണ്ടറിലെ ഇനം പ്രതിയുള്ള നിരക്ക് | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചിരുന്നുവെങ്കിലുള്ള പ്രതിഫലം |
|---|---|---|---|---|
| 2.6.1-Earthwork excavation bymachanical means........ | 46.906m3 @181.52/m3 | 8514.38 | 168.28/m3 | 7893.34 |
| 4.1.8-Providing and laying cc 1:4:8........ | 11.727m3 @6453.91 | 75685 | 5372.23/m3 | 63000.14 |
| 60.7.1-DR masonry ........... | 105.146m3 @2766.10 | 290844.35 | 2589.92/m3 | 272319.72 |
| 4.3.1-Centering and shuttering........ for footings, bases for columns. | 24.295m3 @279.52 | 6790.93 | 260.07/sq.m | 6318.40 |
| 4.1.5-Providing and laying in | 6.074m3 @7100.79 | 43130.19 | 6650.26/m3 | 40393.67 |

| | | | | |
|---|---|---|---|---|
| position cc 1:3:6....... | | | | |
| | Total | 424964.85<br>~ 424965 | | 389925.27 |

ടെണ്ടർ അംഗീകരിച്ചതിലെ അപാകതമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ ടി 35040/- (424965-389925) രൂപയുടെ നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/04-03-2020) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽനിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-2 ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ലഭിച്ച ടെന്ററുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ നിരസിച്ചുകൊണ്ട് തൊട്ടുമുകളിലുള്ള നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

ടെണ്ടർ ഷെഡ്യൂളിൽ ഐറ്റം വൈസ് റേറ്റിൽ നിരക്ക് ക്വോട്ട് ചെയ്ത് ആകെ ടെണ്ടർ തുക രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടറിൽ ആകെ അടങ്കൽ തുകയിൽ നിന്നും എത്ര ശതമാനം കുറച്ചുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നതിന് ശതമാന നിരക്ക് കൂടി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് നിരക്ക് ക്വോട്ട് ചെയ്തു എന്ന് കാരണം രേഖപ്പെടുത്തി ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിച്ച അസി.എഞ്ചിനിയറുടെ നടപടി അംഗീകരിക്കാവുന്നതല്ല. ഇനം പ്രതിയുള്ള നിരക്കിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്നുള്ള വ്യതിയാന ശതമാനത്തിന് പ്രസക്തിയില്ല. കരാറുകാരൻ ആകെ അടങ്കൽ തുകയുടെ എത്ര ശതമാനമാണ് കുറവ് എന്നാണ് കാണിച്ചിട്ടുള്ളത്. ജി.എസ്.ടി പ്രോവിഷൻ/മുൻകൂട്ടി കാണാൻ കഴിയാത്ത തുക എന്നിവ കഴിച്ചുള്ള തുകയുടെ ശതമാനം കണക്കാക്കി രണ്ട് നിരക്ക് ക്വോട്ട് ചെയ്തുവെന്നുള്ള എൽ.എസ്സ്.ജി.ഡി വിഭാഗത്തിന്റെ വാക്കാലുള്ള മറുപടി നില നിൽക്കുന്നതല്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാതെ തൊട്ടുമുകളിലുള്ള നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അഗീകരിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | കരാറുകാരന്റെപേര്,ക്വോട്ട് ചെയ്ത ടെണ്ടർ തുക | ഏറ്റവും കുറഞ്ഞ ടെണ്ടർ നിരക്ക് | അംഗീകരിച്ച ടെണ്ടർ നിരക്ക് | അധികം ചെലവഴിച്ച തുക |
|---|---|---|---|---|
| മാരൂർപാലം കാഞ്ഞിക്കുളത്ത്<br>റോഡ് കോൺക്രീറ്റിംഗ്(174/18-19)<br>അടങ്കൽ: 323700/-<br>കരാറുകാരൻ: P.D.പത്മകുമാർ<br>ടെണ്ടർ നിരക്ക് : എസ്റ്റിമേറ്റ് നിരക്ക്(323700)<br>എം.ബുക്ക് : 63/18-19 | (1)P.D. പത്മകുമാർ : എസ്റ്റിമേറ്റ് നിരക്ക്(323700)<br>(2)T.K.ഹരിപ്രസാദ് : 262236.7 (18.99%< എസ്റ്റിമേറ്റ് നിരക്ക്)<br>(3)G.S.സന്തോഷ് കുമാർ ,ഗോപിസദനം : 5%> എസ്റ്റിമേറ്റ് നിരക്ക് | 262236.70 | 323700 | 60477/-<br>(322714-262236.7) |

| | | | | |
|---|---|---|---|---|
| ഫൈനൽ ബിൽ തുക : 322714<br><br>ബിൽ നം./തീയതി : 801186836-174/18-19/12-02-19 | | | | |
| തുണ്ടിൽപ്പടി കരിക്കിനേത്ത് പടി തേക്ക് മല റോഡ് കോൺക്രീറ്റിംഗ്(54/18-19)<br><br>അടങ്കൽ: 300000/-<br><br>കരാറുകാരൻ: ഷിജു.കെ.വർഗ്ഗീസ്<br><br>ടെണ്ടർ നിരക്ക് : 298040.40<br><br>എം.ബുക്ക് : 56/18-19<br><br>ഫൈനൽ ബിൽ തുക : 298040<br><br>ബിൽ നം./തീയതി : 801104811-54/18-19/24-01-19 | (1) ഷിജു.കെ.വർഗ്ഗീസ് : 298040.40<br><br>(2)പ്രസാദ്.റ്റി.പി : 230584 (23.2%< എസ്റ്റിമേറ്റ് നിരക്ക്)<br><br>(3)G.അനിൽകുമാർ : 299343.94 | 230584 | 298040 | 67456/-<br><br>(298040-230584) |
| | ആകെ | | | 127933/- |

ടെണ്ടർ അംഗീകരിച്ചതിലെ അപാകതമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ ടി 127933/- രൂപയുടെ നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (17/03-03-2020 )നൽകിയിരുന്നു. ടി പരാമർശം പ്രസ്തുത ടെണ്ടർ അംഗീകരിച്ച അസി.എഞ്ചിനിയർ ശ്രീ.ഹരിലാലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ടിയാന്റെ മറുപടി ലഭ്യമാക്കുന്നതാണെന്നും അസി.എഞ്ചിനിയർ അറിയിച്ചു. പഞ്ചായത്ത് ഫണ്ടിനുണ്ടായ ടി 127933/- രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.06.2019-15.06.2019 | കെ.എസ്സ്.എ.പി.റ്റിഎ/ പി1/602(35)/2019 തീയതി 03.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| കോന്നി ബ്ലോക്ക് | 2018-19 | ~~1000000~~ | ഗംഗാകുടിവെള്ള പദ്ധതി | 1000000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 500000 | ഗംഗാകുടിവെള്ള പദ്ധതി | 500000 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 437345 | ലൈഫ് മിഷൻ(എസ്സ്.സി.പി) | 0 | 437345 |
| കോന്നി ബ്ലോക്ക് | 2018-19 | 96555 | ലൈഫ് മിഷൻ(എസ്സ്.സി.പി) | 0 | 96555 |
| കോന്നി ബ്ലോക്ക് | 2018-19 | 578750 | ലൈഫ് മിഷൻ(ജനറൽ) | 578750 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 512890 | ലൈഫ് മിഷൻ(ജനറൽ) | 512890 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 100000 | ക്ഷീര വികസനം | 100000 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 381950 | അങ്കണവാടി ന്യൂട്രീഷൻ | 150000 | 231950 |
| കോന്നി ബ്ലോക്ക് | 2018-19 | 55525 | അങ്കണവാടി ന്യൂട്രീഷൻ | 0 | 55525 |
| ജില്ലാപഞ്ചായത്ത് | 2018-19 | 330300 | അങ്കണവാടി ന്യൂട്രീഷൻ | 200000 | 130300 |
| കോന്നി ബ്ലോക്ക് | 2018-19 | 530000 | ഇലക്ട്രിക്ക് ലൈൻ നീട്ടൽ | 530000 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 120000 | നെൽകൃഷി വികസനം | 119850 | 150 |
| കോന്നി ബ്ലോക്ക് | 2018-19 | 300000 | മൂന്നുമുക്കിനാൽ വേങ്ങത്തടത്തിൽ റോഡ് | 300000 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 50000 | ആശ്രയ | 0 | 50000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 613096 | ലൈഫ് മിഷൻ(ജനറൽ) | 613096 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 730000 | ഇലക്ട്രിക്ക് ലൈൻ നീട്ടൽ | 675137 | 0 |
| കോന്നി ബ്ലോക്ക് | 2018-19 | 150000 | | | 150000 |
| കോന്നി ബ്ലോക്ക് | 2017-18 | 400000 | ബഡ്സ് സ്കൂൾ നിർമ്മാണം | 184859 | 215141 |
| കോന്നി ബ്ലോക്ക് | 2017-18 | 299289 | ഇലക്ട്രിക് ലൈൻ നീട്ടൽ | 116918 | 182367 |
| ജില്ലാപ്പഞ്ചായത്ത് | 2017-18 | 1009901 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് | 422609 | 587292 |
| ജില്ലാപ്പഞ്ചായത്ത് | 2017-18 | 900000 | കൈതക്കുന്ന് അങ്കണവാടി നിർമ്മാണം | 334535 | 565465 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | കരാർ സ്ഥാപനം | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| 1. | ഗംഗാ കുടിവെള്ള പദ്ധതി(155/2018-19) | വാട്ടർ അതോറിറ്റി | 2400000 |
| 2. | പൊന്തനാം കുഴി വാട്ടർ ടാങ്ക് പുനരുദ്ധാരണം(204/2018-19) | വാട്ടർ അതോറിറ്റി | 170000 |
| 3. | മാർക്കറ്റ് സാനിറ്ററി കോംപ്ലക്സ് വൈദ്യുതീകരണം(319/18-19) | കെ.എസ്സ്.ഇ.ബി | 112652 |
| 4. | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ(234/2018-19) | കെ.എസ്സ്.ഇ.ബി | 116918 |

| | | | |
|---|---|---|---|
| 5. | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(96/18-19 | കെ.എസ്സ്.ഇ.ബി | 165080 |
| 6. | വിവിധ വാർഡുകളിൽ വൈദ്യുതി ലൈനുകൾ ദീർഘിപ്പിക്കൽ(101/2018-19) | കെ.എസ്സ്.ഇ.ബി | 2150656 |
| 7. | സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | വാട്ടർ അതോറിറ്റി | 300000 |
| | ആകെ | | 5415306 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 110/2018 തീയതി 13.08.2018 68/2018 തീയതി 18.05.2018 100/2018 തീയതി 30.07.2018 | 3660000 | 3660000 | ഇല്ല | ഇല്ല | 3660000 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 70264 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ഈയിനത്തിൽ തൻവർഷം ലഭിച്ച | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| | | 70264 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. | | |
| 2015-16 | 3-17 | 53936 | അസിസ്റ്റന്റ് എൻജിനീയർ | 118020102409/14.06.2018 |
| 2017-18 | 2-2,2-7,3-4,3-5 | 16328 | ശ്രീമതി ശാന്തി.എസ്സ് , സെക്രട്ടറി | 118020109842/01.03.2019 |
| | | 70264 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>2-4 | 2009-11<br>22, 23, 24 | വനിതാ റസ്റ്റോറന്റ് ക്രമക്കേടുകൾ | കേസ് കോടതിയിൽ നിലനിൽക്കുന്നു |
| 2014-15<br>2-1 | 2016-17<br>അനുബന്ധം | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16<br>2-5 | 2016-17<br>അനുബന്ധം | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2-6 | 2016-17<br>അനുബന്ധം | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 141647416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 101465645 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 162973 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 152264 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 35040 | ശ്രീ കെ.ഹരിലാൽ, അസിസ്റ്റന്റ് എൻജിനീയർ |
| 3-2 | | 127933 | ശ്രീ അനീഷ് കുമാർ.ജെ, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 162973 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 28054 | ശ്രീ അനീഷ് കുമാർ ജെ, അസിസ്റ്റന്റ് എൻജിനീയർ |
| 1-22 | 3332 | ശ്രീ അനീഷ് കുമാർ ജെ, അസിസ്റ്റന്റ് എൻജിനീയർ |
| 1-23 | 31487 | ശ്രീ അനീഷ് കുമാർ ജെ, അസിസ്റ്റന്റ് എൻജിനീയർ |
| 1-29 | 10241 | ശ്രീ അനീഷ് കുമാർ ജെ, അസിസ്റ്റന്റ് എൻജിനീയർ |
| 1-38 | 69150 | എൻ. ആർ. ശിവദാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-41 | 10000 | ശ്രീ ജോൺസൺ.റ്റി.ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 152264 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-22 | 602 |
| 1-26 | 8645 |
| 1-31 | 41137 |
| ആകെ | 50384 |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| |
|---|
| 1-20 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| അനീഷ് കുമാർ. ജെ, അസിസ്റ്റന്റ് എൻജിനീയർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ, കോന്നി ഗ്രാമപഞ്ചായത്ത് | അഭിലാഷ് ഭവൻ ഏലമാട്. പി.ഒ കൊല്ലം |
| കെ.ഹരിലാൽ,അസിസ്റ്റന്റ് എൻജിനീയർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ, കോയിപ്രം ഗ്രാമപഞ്ചായത്ത് | ആറന്മുളേത്ത് വീട് പാറക്കര.പി.ഒ പത്തനംതിട്ട |
| റ്റി.ജെ.ജോൺസൺ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ശൂരനാട് ഗ്രാമപഞ്ചായത്ത് | തുണ്ടത്തിൽ കിഴക്കേക്കര കൊഴുവല്ലൂർ.പി.ഒ ചെങ്ങന്നൂർ ആലപ്പുഴ |
| ശിവദാസ് എൻ.ആർ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോന്നി ഗ്രാമപഞ്ചായത്ത് | നെടുവൻ പുരയിൽ ഇളകൊള്ളൂർ.പി.ഒ കോന്നി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/363/2010 തീയതി 07-07-2010 | 8 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2/125/1997തീയതി 06-02-1999 | 2 |
| 2001-02 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി2/818/2004തീയതി 13-06-2005 | 4 |
| 2002-03 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.2/184/2005 തീയതി 17-08-2005 | 6 |
| 2003-04 (ഫുൾ) | എൽ.എഫ്.പി.റ്റി.എ-പി.9/22/09- തീയതി 14-04-10/17-12-10 | 9 |
| 1996-97 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/465/08 തീയതി 31-10-2009 | 2 |
| 1997-98 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/466/08 തീയതി 30-11-2009 | |
| 1998-99 (ഡി.സി.ബി& ഫൈനൽ) | എൽ.എഫ്.പി.റ്റി.എ-പി 09/467/08 തീയതി 30-11-2009 | |
| | | |

| | | |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 09/468/08 തീയതി 02-06-2009 | |
| 2000-01 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 02/89/04 തീയതി 14-05-2004 | |
| 2001-02 (ജന.ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.2/88/2004തീയതി 12-07-2004 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.9/23/2009 തീയതി 08-06-2010/22-11-2010 | എല്ലാ ഖണ്ഡികകളും |
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 9/466/08 തീയതി 07-0710/04-03-11 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി 6/362/10 തീയതി 04-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 6/369/10 തീയതി 07-10-11/20-03-12 | എല്ലാ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 2/768/11തീയതി 06-12-11/03-07-12 | എല്ലാ ഖണ്ഡികകളും |
| 2008-09 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി 9/335/13 തീയതി 05-07-13 | 4 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 9/427/13 തീയതി 03-1013 | 6 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 9/1066/14 തീയതി | 6 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി 9/875/15 തീയതി 15.10.2015 | 9 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി9-1381/2016 തീയതി16.01.2017 | 17 |
| 2016-17 | കെ.എസ്.എ പി.റ്റി.എ.പി9-776/2017 തീയതി 04-07-2017 | 1 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി9/1140/2018 തീയതി:04.08.2018 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി9/206/2020 തീയതി :07.05.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **കോന്നി** ഗ്രാമ പഞ്ചായത്തിന്റെ **2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-10-ലെ പരാമർശം ഒഴികെ എന്റെ അഭിപ്രായത്തിൽ **കോന്നി** ഗ്രാമപഞ്ചായത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

## AUDIT CERTIFICATE

No.K.S.A.P.T.A.P9/206/2020 Date:07.05.2020

Certified that I have examined the Annual Financial Statement of **Konni Grama Panchayat** in Pathanamthitta district for the year ended on **31.03.2019** in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Konni Grama Panchayat** for the year **2018-19** except the obeservations in para 1-10 of my report, properly presents the picture of income and expenditure.

**Deputy Director**
**Kerala State Audit Department**